VACHANOLSAVAM Vol - 41 | Issue 347 | AUGUST 2026 | Monthly | Price ₹ 12 | Edappally

# വചനോത്സവം

ആഗസ്റ്റ് 2026



## മറിയം



ടി. ദേവപ്രസാദ്

## സ്വാതന്ത്ര്യം



ആൻ സെബാസ്റ്റ്യൻ

## സംഗീതം



ഫാ. മൈക്കിൾ പനച്ചിക്കൽ വി.സി.




# ഉള്ളടക്കം


3 തുടക്കം
ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.

6 പരിപൂർണ്ണ സ്വാതന്ത്ര്യം
ആൻ സെബാസ്റ്റ്യൻ

09 എനിക്ക് ഒരു അമ്മയുണ്ട്
ടി. ദേവപ്രസാദ്

12 തിരുനാമകീർത്തനം
ഫാ. മൈക്കിൾ പനച്ചിക്കൽ വി.സി.

15 വാക്ക്
ഫാ. ഡോ. ദേവ് അക്കര കപ്പൂച്ചിൻ

19 ഏദനിൽനിന്നും യേശുവിലേക്ക്
ജിൻസി സന്തോഷ്

22 സുബോധത്തിലേക്ക് ഒരു തീർത്ഥയാത്ര
കുഞ്ഞുമോൾ ബെന്നി

24 ഉപാധിയില്ലാതെ
ഫാ. ഡാനിയേൽ പൂവണ്ണത്തിൽ

26 തേൻമൊഴി
ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.

30 ബാലവചനോത്സവം
അനു ഫ്രാൻസിസ്

32 SAINT MAXIMILIAN KOLBE
Smartin K.Cherian
















## പേരിടാമോ ?

വചനോത്സവത്തിലെ കുട്ടികളുടെ പേജിലെ രണ്ടു കഥാപാത്രങ്ങളാണിവർ ഇവർക്ക് പേര് നിർദ്ദേശിക്കാം. മറ്റു ഭാഷക്കാർക്കും സ്വീകാര്യമായ പേര് ആയിരിക്കണം...

തെരഞ്ഞെടുക്കപ്പെടുന്ന പേര് നിർദ്ദേശിച്ചയാൾക്ക് **സമ്മാനമുണ്ട്**

പേരുകൾ ആഗസ്റ്റ് 15 നകം 9447696622 എന്ന നമ്പറിലേക്ക് അയയ്ക്കുക

ഒരേ പേര് പലരിൽ നിന്നും ലഭിച്ചാൽ നറുക്കെടുപ്പിലൂടെ വിജയിയെ നിശ്ചയിക്കുന്നതാണ്.





തുടക്കം

പ്രിയ വായനക്കാരെ,

വചനോത്സവത്തിൽ നിന്നും സ്നേഹാഭിവാദ്യങ്ങൾ!

നമ്മുടെ ഈ മാസികയ്ക്ക് 'വചനോത്സവം' എന്ന പേര് നല്കുകയും ഇതിന്റെ പ്രഥമ പത്രാധിപരായി സേവനമനുഷ്ഠിക്കുകയും ചെയ്ത മൈക്കിൾ പനച്ചിക്കലച്ചൻ നമ്മോട് വിട പറഞ്ഞ് നിത്യതയിലേക്ക് യാത്രയായ വിവരം ഇതിനകം അറിഞ്ഞിരിക്കുമല്ലോ. വചനോത്സവം, അച്ചന് പ്രണാമം അർപ്പിക്കുന്നത് അദ്ദേഹം 1988 ആഗസ്റ്റ്മാസം എഴുതിയ എഡിറ്റോറിയൽ പുന:പ്രസിദ്ധീകരിച്ചുകൊണ്ടാണ്. ഇന്നും പ്രസക്തമായ ആ കുറിപ്പ് ഈ താളു മറിച്ചാൽ നമുക്ക് കാണാം.

കഴിഞ്ഞ ലക്കത്തിൽ പറഞ്ഞിരുന്നതുപോലെ വിഖ്യാതമായ ക്രിസ്തീയ ഭക്തിഗാനങ്ങളുടെ രചയിതാക്കൾ അവരുടെ പാട്ടനുഭവങ്ങൾ പങ്കുവയ്ക്കുന്ന പംക്തി നാം ആരംഭിക്കുകയാണ്. അതും പനച്ചിക്കലച്ചൻ തന്റെ അതീവഗുരുതരാവസ്ഥയിൽ രോഗശയ്യയിലായിരുന്നപ്പോൾ നമുക്കായി സ്വന്തം കൈപ്പടയിൽ കുറിച്ച അനുഭവങ്ങളുമായിട്ടാണെന്നത് ദൈവനിയോഗം തന്നെ.

സ്വാതന്ത്ര്യത്തെക്കുറിച്ച് എഴുതിയിരിക്കുന്നത് വചനോത്സവം പ്രേഷിതയായ ഷീല ദേവസിയുടെ മകളും കെ.എസ്.യു സംസ്ഥാന വൈസ് പ്രസിഡന്റുമായ ആൻ സെബാസ്റ്റ്യനാണ്. മറിയത്തെക്കുറിച്ചൊരു പംക്തിയും നാം ആരംഭിക്കുന്നു, പ്രമുഖ പത്രപ്രവർത്തകനും മരിയൻ ചിന്തകനുമായ ടി. ദേവപ്രസാദാണ് അത് കൈകാര്യം ചെയ്യുന്നത്.

മറ്റ് മൂന്ന് പംക്തികൾ കൂടി ഇത്തവണ ആരംഭിക്കുന്നുണ്ട്. സാമൂഹ്യ മാധ്യമകുറിപ്പുകളിലൂടെയും പ്രാദേശിക ക്രിസ്തീയ ആനുകാലികങ്ങളിലൂടെയും ശ്രദ്ധേയരായ രണ്ടു വീട്ടമ്മമാർ കുഞ്ഞുമോളും ജിൻസിയും യഥാക്രമം പുതിയ നിയമത്തേയും പഴയനിയമത്തേയും ആധാരമാക്കി ആത്മീയ ചിന്തകൾ പങ്കുവയ്ക്കുന്നു. കപ്പൂച്ചിൻ സഭാംഗവും തൃശൂർ ജൂബിലി മെഡിക്കൽ കോളേജിലെ സൈക്യാട്രിസ്റ്റുമായ ദേവ് അക്കര അച്ചനാണ് വചനം അനുദിന ജീവിതത്തിൽ അവതരിക്കേണ്ടതിനെക്കുറിച്ച് എഴുതിത്തുടങ്ങുന്നത്. വൈവിധ്യമാർന്ന വായനാലോകത്തേക്ക് ഏവരേയും ക്ഷണിക്കുന്നു.



ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.
ചീഫ് എഡിറ്റർ



# പ്രാർത്ഥന

യേശുവേ ഈ പ്രസിദ്ധീകരണം എനിക്ക് വായിക്കാൻ കിട്ടിയതിനാൽ ഞാൻ അങ്ങേക്ക് നന്ദി പറയുന്നു. മനുഷ്യകരങ്ങളിലൂടെയാണ് ലഭിച്ച തെങ്കിലും അങ്ങു തന്നെയാണ് എനിക്കിത് തന്നയച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. എനിക്ക് ആശ്വാസവും പ്രത്യാശയും പലസംശയങ്ങൾക്കും മറുപടിയും അങ്ങിതിൽ ഒരുക്കി വച്ചിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. ഇത് വായിക്കുന്നത് എനിക്ക് ആത്മീയ ഉണർവ്വിനും കുറച്ചുകൂടി അങ്ങയെ സ്നേഹിക്കാനുള്ള പ്രചോദനത്തിനും കാരണ മാകേണമേ.

ഇതിൽ അങ്ങ് എനിക്കായി കരുതിവച്ചിട്ടുള്ള സന്ദേശം വായിച്ചെടുക്കാൻ അങ്ങയുടെ പരി ശുദ്ധാത്മാവിനാൽ എന്നെ സഹായിക്കേണമേ. ഇതിലെ സാക്ഷ്യങ്ങൾ ജീവിത പ്രതിസന്ധികളിൽ എനിക്ക് അങ്ങയിൽ മാത്രം ആശ്രയിക്കാനും പരിഹാരം കണ്ടെത്താനും ഇടയാക്കുന്ന താകേണമേ. അനേകർക്ക് ദൈവസ്നേഹവും പ്രത്യാശയും അവ്യക്തതകളിൽ വെളിച്ചവും ലഭിക്കാൻ ഉതകുന്ന വിഭവങ്ങൾ ഇതിൽ ഉൾപ്പെടു ത്താൻ ഇത് തയ്യാറാക്കുന്നവരെ അനുഗ്രഹിക്കേ ണമേ.

മഹത്തായ സുവിശേഷ വേലയായ വചനോ ത്സവവിതരണത്തിലേക്ക് അനേകരെ കൂട്ടിക്കൊണ്ട് വരേണമേ. അതിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെ പ്രതിസന്ധികളിൽ കൂടെ നിൽക്കു കയും പ്രാർത്ഥനകൾ സാധിച്ചു കൊടുക്കുകയും ചെയ്യേണമേ. ധാരാളം ഉദാരമതികളായ ഉപ കാരികളെ കൊടുത്ത് ഈ പ്രസ്ഥാനത്തെ നിലനിർ ത്തുകയും ചെയ്യേണമേ. ആമ്മേൻ.


**വചനോത്സവം**

വിൻസെൻഷ്യൻ വചനപ്രഘോഷണ പ്രസിദ്ധീകരണം

VOL-41/ ISSUE 347 ₹ 12.00 **ആഗസ്റ്റ് 2026**

പോട്ട - 680 722, ചാലക്കുടി,
തൃശൂർ, കേരള

**9496862640, 9447696622**
**0480-2708314, 0480-2706984**

managervachanolsavam@gmail.com
editorvachanolsavam@gmail.com
www.vachanolsavam.com

രക്ഷാധികാരി
റവ. ഡോ. പോൾ പുതുവ വി.സി.

ആത്മീയ നിയന്താവ്
ഫാ. മാത്യു നായ്ക്കംപറമ്പിൽ വി.സി.

ജനറൽ മാനേജർ
ഫാ. ജോസഫ് കൈപ്പടകുന്നേൽ വി.സി.

മാനേജിംഗ് എഡിറ്റർ
ഫാ. തോമസ് മംഗലത്ത് വി.സി.

ചീഫ് എഡിറ്റർ
ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.

എഡിറ്റർ
ഫാ. ജോസഫ് എടാട്ട് വി.സി.

മാനേജർ
ഫാ. പ്രിൻസ് മാഞ്ഞൂരാൻ വി.സി.

സർക്കുലേഷൻ മാനേജർ
ഫാ. ജോർജ് പനയ്ക്കൽ വി.സി.

**വരിസംഖ്യ നിരക്കുകൾ**

| | |
|---|---|
| **ഒറ്റപ്രതി** | ₹ 12 |
| **ഒരു വർഷത്തേക്ക്** | ₹ 140 |
| **3 വർഷത്തേക്ക് (ഇന്ത്യയിൽ മാത്രം)** | ₹ 420 |
| **വിദേശത്തേക്ക് (ഒരുവർഷം)** | ₹ 1500 |

**10 മുതൽ 49 വരെയുള്ള കോപ്പികൾക്ക് 11 രൂപ**
**50 നു മുകളിൽ 10 രൂപ മാത്രം**

**മാസിക സംബന്ധമായ ഇടപാടുകളും അന്വേഷണങ്ങളും ഓഫീസ് സമയത്ത് (9.30 am-12.30 pm & 1.30 pm - 4.00 pm) മാത്രമായിരിക്കും**

സുവിശേഷത്തിന്റെ സന്തോഷവുമായി
പ്രസിദ്ധീകരണത്തിന്റെ
41 – ാം വർഷത്തിൽ

# മുഖപ്രസാദം

## സ്വാതന്ത്ര്യത്തിലേയ്ക്കു വിളിക്കപ്പെട്ടവർ

ആ ഓഗസ്റ്റ് 15-ന്റെ അർദ്ധരാത്രിയിൽ, വിദേശത്തിന്റെ പതാക വലിച്ചിറക്കി പകരം ദേശീയ പതാക ഭാരതത്തിന്റെ വിഹായസ്സിൽ പാറിക്കളിക്കുമാറ് ഉയർത്തിക്കെട്ടിയ ആ സ്വാതന്ത്ര്യത്തിന്റെ അർദ്ധരാത്രിയിൽ, രാഷ്ട്രപിതാവ് തലസ്ഥാനനഗരിയിൽ ഉണ്ടായിരുന്നില്ല. അനുരഞ്ജനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സുവിശേഷം പ്രസംഗിച്ചുകൊണ്ട് അങ്ങകലെ 'നവഖാലി'യിലെ തെരുവുകളിലൂടെ ചുറ്റിത്തിരിയുകയായിരുന്നു, മഹാത്മജി.

പരസ്പരം കലഹിച്ചും തമ്മിൽ തല്ലിയും നശിച്ചുകൊണ്ടിരുന്ന സമുദായങ്ങളെ നോക്കി രാഷ്ട്രപിതാവ് വിലപിച്ചു: "പ്രിയമക്കളേ, അങ്ങകലെ ഭാരത തലസ്ഥാനത്ത് നമ്മുടെ ദേശീയ പതാക ഉയർന്നു പൊങ്ങുന്ന ഈ ദിവ്യയാമത്തിൽ നമുക്ക് ആഘോഷിക്കാൻ ഒന്നുമില്ലല്ലോ! നമ്മെ സ്വാതന്ത്ര്യത്തിലേയ്ക്കു വിളിച്ചുണർത്തപ്പെട്ടത് തമ്മിൽ കലഹിക്കാനാണോ? വൈരാഗ്യംകൊണ്ടും കലഹം കൊണ്ടും നാമെന്തുനേടി! വിദ്വേഷം വെടിഞ്ഞ് സ്നേഹത്തിൽ ഒന്നിയ്ക്കൂ! നമ്മുടെ സിരകളിലോടുന്ന രക്തം ഒന്നല്ലേ. നാമെല്ലാം ഈശ്വരന്റെ തുല്യതയുള്ള മക്കളല്ലേ! ഈ സത്യം നിങ്ങൾ അംഗീകരിക്കുന്നതുവരെ ഈ നാട് സ്വതന്ത്രയാണ് എന്നു വിശ്വസിക്കാൻ എനിക്കാവില്ല!"

വെറുപ്പിന്റെയും വൈരാഗ്യത്തിന്റെയും വിലങ്ങുകളണിഞ്ഞ കൈകൾകൊണ്ട് നാമെത്രവട്ടം ദേശീയ പതാക ഉയർത്തി! വിദ്വേഷത്തിന്റെ കരിപുരണ്ട ഹൃദയം അടച്ചു പിടിച്ചുകൊണ്ട്, "നിന്റെ രാജ്യം വരണമേ", എന്ന് നാമെത്രവട്ടം പ്രാർത്ഥിച്ചു. മഹാത്മജിയുടെ വിലാപത്തെ അതിശയിക്കുന്ന ഒരു അഭ്യർത്ഥന വിശുദ്ധ പൗലോസ് സ്ലീഹാ ഗലാത്തിയക്കാരുടെ മുമ്പിൽ ഉയർത്തി. ആ ആഹ്വാനം നമുക്കു നേരെ ഇന്നും ഉയരുന്നു.

"സഹോദരരേ, സ്വാതന്ത്ര്യത്തിലേയ്ക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. ഭൗതിക സുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നുമാത്രം. പ്രത്യുത, സ്നേഹത്തോടുകൂടെ പരസ്പരം സേവിക്കുവിൻ. 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' എന്ന ഒരേ ഒരു കല്പനയിൽ നിയമം മുഴുവൻ അടങ്ങിയിരിക്കുന്നു. നിങ്ങൾ പരസ്പരം കടിച്ചുകീറുകയും വിഴുങ്ങുകയും ചെയ്തു നശിക്കാതിരിക്കാൻ ശ്രദ്ധിച്ചുകൊള്ളുവിൻ!"

(ഗലാത്തി. 5,13-15)

ഫാദർ മൈനിയ്പനച്ചിനൽ.

# പരിപൂർണ്ണ സ്വാതന്ത്ര്യം

ആൻ സെബാസ്റ്റ്യൻ



*ക്രിസ്തീയ യുവജന സംഘടനകളായ കെ.സി.വൈ.എം., ജീസസ് യൂത്ത് എന്നിവയിലൂടെ പൊതുപ്രവർത്തനം ആരംഭിച്ച ആൻ ഇപ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ വിദ്യാർത്ഥി പ്രസ്ഥാനമായ കെ.എസ്.യു.വിന്റെ സംസ്ഥാന വൈസ് പ്രസിഡന്റാണ്. രാഷ്ട്രീയ പ്രവർത്തനത്തോടൊപ്പം തന്റെ വിശ്വാസവും ആത്മീയതയും കാത്തുസൂക്ഷിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന ആൻ ഇരിങ്ങാലക്കുട രൂപതയിൽപ്പെട്ട മാരാങ്കോട് സെന്റ് മേരീസ് ഇടവകാംഗവും വചനോത്സവം പ്രേഷിതയുമായ ഷീലാ ദേവസിയുടെ മകളാണ്.*

രാഷ്ട്രീയ സംഘടനാപ്രവർത്തനത്തിൽ നിന്നുകൊണ്ട് 'സ്വാതന്ത്ര്യം' എന്ന വിഷയത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, ഏതൊരു പൗരനെയും പോലെ എന്റെ മനസ്സിലേക്കും കടന്നുവരുന്നത് നമ്മുടെ സ്വാതന്ത്ര്യസമരവും ഭരണഘടനയും തന്നെയാണ്. ഇവയ്ക്ക് നേതൃത്വം നൽകിയ രാഷ്ട്രശില്പികൾ വ്യത്യസ്ത തലങ്ങളിലാണ് സ്വാതന്ത്ര്യത്തെ വിഭാവനം ചെയ്തതും പ്രാവർത്തികമാക്കിയതും. ഗാന്ധിജിയുടെയും നെഹ്റുവിന്റെയും അംബേദ്കറുടെയും സ്വാതന്ത്ര്യക്കാഴ്ചപ്പാടുകളോട് തികച്ചും സംയോജിക്കുന്ന ഒരു ജീവിതദർശനം ക്രിസ്തുവിന്റെ ജീവിതത്തിൽ ഉടനീളം പ്രകടമാണ്.

രാഷ്ട്രപിതാവായ ഗാന്ധിജിയുടെ വീക്ഷണത്തിൽ അവനവനെത്തന്നെ സത്യാന്വേഷണ പരീക്ഷണങ്ങളിലൂടെ നയിക്കുന്ന ഒരു ആത്മീയ പ്രയാണമാണ് സ്വാതന്ത്ര്യം. 1909-ൽ രചിച്ച 'ഹിന്ദ് സ്വരാജ്' എന്ന ഗ്രന്ഥത്തിൽ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട് വെറും രാഷ്ട്രീയമായ ഭരണമാറ്റത്തിന് അപ്പുറമായിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകുന്നതോ, ഇംഗ്ലീഷ് ഭരണാധികാരികൾക്ക് പകരം

ഇന്ത്യൻ ഭരണാധികാരികൾ വരുന്നതോ മാത്രമല്ല സ്വാതന്ത്ര്യം. മറിച്ച്, അത് വ്യക്തിപരമായ ആത്മനിയന്ത്രണത്തിന്റെയും ധാർമികതയുടെയും അനുഷ്ഠാനമായിരുന്നു. സ്വന്തം ശരീരത്തിന്റെയും മനസ്സിന്റെയും ആസക്തികളെ കീഴ്പ്പെടുത്തുക എന്ന ആത്മീയ പോരാട്ടത്തെ ഗാന്ധിജി മനോഹരമായി ലോകരാഷ്ട്രീയ ഭൂപടത്തിലേക്ക് ചേർത്തുവെച്ചു. ആഹാരം അഥവാ വിശപ്പ് എന്ന ശരീരത്തിന്റെ ആവശ്യത്തെ സ്വയം ഹനിച്ചുകൊണ്ട് 'സത്യാഗ്രഹം' എന്ന അഹിംസാത്മകമായ മാർഗ്ഗത്തിലൂടെ അദ്ദേഹം വൻശക്തികളോട് ഏറ്റുമുട്ടി വിജയിച്ചു.

ഈശോ മരുഭൂമിയിലെ നാൽപതു ദിവസത്തെ ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ശേഷം, വിശപ്പ് എന്ന ശാരീരിക യാഥാർത്ഥ്യത്തെ മുൻനിർത്തി പ്രകോപിപ്പിച്ച പിശാചിനെ അതിശക്തമായി എതിർത്തു തോൽപ്പിക്കുന്നത് കാണാം. 'മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വചനം കൊണ്ടുമാണ് ജീവിക്കുന്നത്' (മത്താ 4:4). തളർവാതരോഗിയെ സുഖപ്പെടുത്തുന്നത് രോഗം മാറട്ടെ എന്ന് അരുൾചെയ്തുകൊണ്ടല്ല, മറിച്ച് 'മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു' എന്ന് പറഞ്ഞുകൊണ്ടാണ് (ലൂക്കാ 5:20). ആന്തരിക വിശുദ്ധീകരണവും പരിപൂർണ്ണ സ്വാതന്ത്ര്യവും അവിടുന്ന് വിട്ടുവീഴ്ചയില്ലാത്ത രീതിയിൽ ശിഷ്യന്മാരെ പരിശീലിപ്പിച്ചു; അവർ അത് ആദിമസഭയിൽ പ്രഘോഷിക്കുകയും ചെയ്തു: 'സഹോദരന്മാരേ, നിങ്ങൾ സ്വാതന്ത്ര്യത്തിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്; ഈ സ്വാതന്ത്ര്യം ജഡികാസക്തികൾക്കുള്ള അവസരമാക്കരുത്' (ഗലാത്യർ 5:13).

ജവാഹർലാൽ നെഹ്റുവിന്റെ സ്വാതന്ത്ര്യക്കാഴ്ചപ്പാടാകട്ടെ ബൗദ്ധികവാദത്തിനും ഭൗതിക പുരോഗതിക്കും മുൻതൂക്കം നൽകുന്ന ഒന്നായിരുന്നു. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും ശാസ്ത്രസാങ്കേതികവിദ്യയുടെ ഉന്നമനത്തിനുമായി അക്ഷീണം പ്രവർത്തിച്ച നമ്മുടെ ആദ്യ പ്രധാനമന്ത്രി, സ്വാതന്ത്ര്യലബ്ധിക്കുശേഷം അതിദരിദ്രരായ കോടിക്കണക്കിന് മനുഷ്യർക്ക് ഭക്ഷണം, വസ്ത്രം, പാർപ്പിടം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കാൻ ദീർഘവീക്ഷണത്തോടെ യത്നിച്ചു. അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുന്നില്ലെങ്കിൽ ഒരുവൻ സ്വതന്ത്രനല്ല, മറിച്ച് ദാരിദ്ര്യത്തിന്റെ അടിമയാണെന്ന തിരിച്ചറിവാണ് ഹരിതവിപ്ലവത്തിലേക്കും വ്യവസായവൽക്കരണത്തിലേക്കും രാജ്യത്തെ നയിച്ചത്. ഈശോ ആത്മീയതയോടൊപ്പം ഒരുവന്റെ ഇല്ലായ്മയുടെ വേദനയെയും അപമാനത്തെയും എന്നും ഉൾക്കൊണ്ടിരുന്നു. കാനായിലെ കല്യാണവിരുന്നിൽ വീഞ്ഞ് തീർന്നുപോയപ്പോൾ, ആ കുടുംബത്തെ അപമാനഭാരത്തിൽ നിന്ന് രക്ഷിച്ചത് പച്ചവെള്ളത്തെ വീഞ്ഞാക്കിമാറ്റിയ അവിടുത്തെ ആദ്യ അത്ഭുതത്തിലൂടെയാണ്. വിശന്നു വലഞ്ഞ ജനക്കൂട്ടത്തിന് അവിടുന്ന് അപ്പം വർദ്ധിപ്പിച്ചു നൽകിയതും ഭൗതികമായ



ഞങ്ങളുടെ മകൻ സ്റ്റാവിൻ അമേരിക്കയിൽ ഗ്രീൻകാർഡ് ലഭിച്ച് സെറ്റിൽ ആകുന്നതിനുവേണ്ടി യേശുവിനോട് പ്രാർത്ഥിച്ചിരുന്നു. ദൈവം ഞങ്ങളെ സമൃദ്ധമായി അനുഗ്രഹിച്ചു. ഞങ്ങളുടെ അപേക്ഷകൾ സാധിച്ചുതന്നു. നാളിതുവരെ ഞങ്ങൾക്ക് ലഭിച്ച എല്ലാ ദൈവാനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. ദൈവ മഹത്ത്വത്തിനായി ഇത് വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്തുന്നു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

വിന്നി & സ്റ്റാൻലി ഡിസൂസ, ഉടുപ്പി



എന്റെ മകൾക്കു വേണ്ടിയാണ് ഞാനിത് എഴുതുന്നത്. എന്റെ മകൾ കാർത്തിക ജർമ്മൻ പരീക്ഷ ബി 1 പല പ്രാവശ്യം എഴുതി തോറ്റുപോയി. വിജയിച്ചാൽ ഞാൻ വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താം എന്നു പറഞ്ഞ് പ്രാർത്ഥിച്ചു. അതിന്റെ ഫലമായി എന്റെ മകൾ നല്ല മാർക്കോടെ വിജയിച്ചു. ലൂക്കാ 18:27ലെ വചനം 1000 പ്രാവശ്യം എഴുതുകയും മനസ്സിൽ ചൊല്ലുകയും ചെയ്യുമായിരുന്നു. യേശുവേ,നന്ദി, യേശുവേ, സ്തോത്രം.

ശാന്ത, ആലുവ

ആവശ്യങ്ങളോടുള്ള ദൈവത്തിന്റെ കരുണയെ കാണിക്കുന്നു.

ആത്മീയവും ഭൗതികവുമായ സ്വാതന്ത്ര്യത്തിനൊപ്പം മനുഷ്യന്റെ സാമൂഹിക അന്തസ് ഉയർത്തിപ്പിടിച്ചുള്ള വീക്ഷണമായിരുന്നു ഭരണഘടനാ ശില്പിയായ ഡോ. ബി.ആർ. അംബേദ്കറുടേത്. ജാതിവ്യവസ്ഥയും ഉച്ചനീചത്വങ്ങളും നിറഞ്ഞാടിയിരുന്ന ഒരു സമൂഹത്തിൽ ദളിതരുടെയും അശരണരുടെയും സ്ത്രീകളുടെയും ആത്മാഭിമാനത്തിന് സുധീരമായ ഒരു ഭരണഘടനയിലൂടെ അംബേദ്കർ കരുത്തുപകർന്നു. നൂറ്റാണ്ടുകളായി പാർശ്വവത്കരിക്കപ്പെട്ട അവർണരെ ഞെരുക്കുന്ന സവർണ ചിന്താഗതികളെയും ആചാര അനുഷ്ഠാനങ്ങളെയും ധീരമായി എതിർത്തുകൊണ്ട് അംബേദ്കർ ഉൾപ്പെടെയുള്ള നവോത്ഥാന നായകർ സാമൂഹിക നീതിക്കുവേണ്ടി പോരാടി.

ഈശോയാകട്ടെ, ആരും ചോദ്യം ചെയ്യാൻ മടിക്കുന്ന നിയമജ്ഞരുടെയും ഫരിസേയരുടെയും കാപട്യവും ചൂഷണവും ധീരമായി തുറന്നുകാട്ടുന്നത് സുവിശേഷങ്ങളിൽ ഉടനീളം കാണാൻ സാധിക്കും: 'അവർ താങ്ങാനാവാത്ത വലിയ ചുമടുകൾ മനുഷ്യരുടെ തോളിൽ വച്ചുകൊടുക്കുന്നു; എന്നാൽ, സഹായിക്കാൻ ചെറു വിരലനക്കാൻപോലും അവർ തുനിയുന്നില്ല (മത്താ 23:4). യഹൂദനായ ഒരുവൻ സമരിയക്കാരിയോട് ദാഹജലം ആവശ്യപ്പെടുന്നതും, വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ കല്ലെറിഞ്ഞു കൊല്ലാൻ വന്ന പ്രമാണിമാരോട് 'നിങ്ങളിൽ പാപം ചെയ്യാത്തവൻ ആദ്യമായി അവളെ കല്ലെറിയട്ടെ' (യോഹ 8:7) എന്ന് പറഞ്ഞതുമെല്ലാം ആ കാലഘട്ടത്തിലെ വലിയ സാമൂഹിക വിപ്ലവങ്ങളായിരുന്നു. ചുങ്കക്കാരോടൊപ്പം വിരുന്നിന് ഇരുന്ന ഈശോയെ ചോദ്യം ചെയ്ത നിയമജ്ഞരോട്, 'ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെക്കൊണ്ട് ആവശ്യം' എന്ന് അവിടുന്ന് വ്യക്തമാക്കി (മത്തായി 9:12).'കുഷ്ഠരോഗികളെയും കുഞ്ഞുങ്ങളെയും വിധവകളെയും ദരിദ്രരെയും അവിടുന്ന് ചേർത്തുപിടിച്ചു. സ്ത്രീകൾ അവിടുത്തെ പൂർണ്ണ സ്വാതന്ത്ര്യത്തോടെ അനുഗമിച്ചു. ബാഹ്യമായ അനുഷ്ഠാനങ്ങൾക്കപ്പുറം സാമൂഹിക നീതിയെയാണ് സ്വർഗ്ഗം വിലമതിക്കുന്നതെന്ന്, 'ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്' (മത്തായി 9:13) എന്ന മൂർച്ചയുള്ള തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

സ്വാതന്ത്ര്യത്തിന്റെ പരിപൂർണ്ണത ക്രിസ്തുവിൽ പ്രകടമാണ്. 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും' (യോഹന്നാൻ 8:32) എന്ന വചനത്തിൽ 'സത്യം' എന്നത് ക്രിസ്തുവിനെയും, 'സ്വാതന്ത്ര്യം' എന്നത് ക്രിസ്തുവിലുള്ള വിശ്വാസത്തെയുമാണ് സൂചിപ്പിക്കുന്നത്. വിവേചനത്തിൽനിന്നും അനീതിയിൽനിന്നും ചൂഷണത്തിൽനിന്നും ഭരണഘടന നമ്മെ സംരക്ഷിക്കുന്നതുപോലെ, പാപത്തിൽനിന്നും ഭയത്തിൽനിന്നും സമ്പൂർണ്ണ മോചനം പുതിയ നിയമം നമുക്ക് ഉറപ്പു നൽകുന്നു. സത്യം പറയാനും അനീതിക്കെതിരെ ശബ്ദമുയർത്താനും മടിക്കുന്ന നിമിഷം, ഒരു പൗരനെന്ന നിലയിലും ഒരു വിശ്വാസിയെന്ന നിലയിലും നമുക്ക് ലഭിച്ച സ്വാതന്ത്ര്യത്തെ നാം തന്നെ ഇല്ലാതാക്കുന്നു.



ഞാൻ വാർക്കയുടെ മുകളിൽനിന്ന് വീണു. ഡോക്ടറെ കാണിച്ചപ്പോൾ കാലിന് ഓപ്പറേഷൻ വേണമെന്നാണ് പറഞ്ഞത്. ഹോസ്പിറ്റലിൽ കൂടെ നിൽക്കാൻ ആളില്ലാത്തതിനാൽ ഞാൻ ഈശോയോട് പ്രാർത്ഥിച്ചു. ഓപ്പറേഷൻ കൂടാതെ എനിക്ക് സൗഖ്യം തരണമെ എന്ന്. എന്റെ പ്രാർത്ഥന ദൈവം കേട്ടു. ഓപ്പറേഷൻ കൂടാതെ ഈശോ എനിക്ക് സൗഖ്യം തന്നു. യേശുവേ, നന്ദി യേശുവേ, സ്തോത്രം.

വത്സ, കരാംചിറ



ഞാൻ ഗൾഫിൽ പോകാൻ വളരെ നാളുകളായി പരിശ്രമിച്ചിട്ടും സാധിക്കുന്നില്ലായിരുന്നു. പോട്ട ആശ്രമത്തിൽ വന്ന് പ്രാർത്ഥിക്കുകയും വിദേശത്ത് പോകാൻ സാധിച്ചാൽ വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് തീരുമാനിക്കുകയും ചെയ്തു. പ്രാർത്ഥനയുടെ ഫലമായി എനിക്ക് വേഗം ഗൾഫിൽ പോകാൻ സാധിച്ചു. ഞാൻ ഡ്രൈവിംഗ് ഒരു മാസം പഠിച്ചു. ടെസ്റ്റ് പാസ്സാവുകയും ചെയ്തു. ദൈവത്തിന് മഹത്ത്വം. യേശുവേ, നന്ദി, യേശുവേ, സ്തോത്രം.

വിനീത ജിജോ






# എനിക്ക് ഒരു അമ്മയുണ്ട്

ഞാൻ അനാഥനല്ല. ആർക്കും വേണ്ടാതായാലും എനിക്ക് വേണ്ടി കാത്തിരിക്കുന്ന ഒരു അമ്മയുണ്ട്. അമ്മയ്ക്ക് വലുത് ഞാനാണ്. എനിക്കുള്ള ഒന്നുമല്ല. എനിക്കുള്ളതെല്ലാം കണ്ട് എന്റെ ചുറ്റും കൂടിയവരെല്ലാം എന്നെ വിട്ടു പോകുമ്പോഴും എനിക്കു വേണ്ടി തുടിക്കുന്ന ഒരു അമ്മയുണ്ട്. പരിശുദ്ധ കന്യകാമറിയം എന്നെ പ്രസവിച്ച അമ്മയെപ്പോലെ തന്നെ എന്റെ ദൈവം തന്നതാണ് ആ അമ്മയെയും. അന്ന് കാൽവരി മലയുടെ മുകളിൽ വച്ച് അവസാന ശ്വാസം വിടും മുമ്പ് എന്നോടുള്ള സ്നേഹത്തിന്റെ അവസാന സാക്ഷ്യമായി എന്റെ ഈശോ ലോകാവസാനംവരെ അവിടുന്ന് സ്നേഹിക്കുന്ന എല്ലാവർക്കുമായി പ്രവർത്തിച്ച അത്ഭുതമാണ് ഈ അമ്മ. ഈശോയെ നന്ദി. എല്ലാവരും എന്നെ വിട്ടുപോകുമ്പോഴും എന്നെ താങ്ങി നിന്റെ പക്കലെത്തിക്കുന്ന, ഞാനും കാലവും ലോകവും എന്നിലുണ്ടാക്കുന്ന എന്റെ മുറിവുകളിൽ വീഞ്ഞും തൈലവും പുരട്ടുന്ന ഒരു അമ്മയെ തന്നതിന് നന്ദി. ഈ അമ്മയെ അറിയുവാനും, മനസ്സിലാക്കുവാനും അമ്മയുടെ സ്നേഹം നുകരുവാനും, ആ അമ്മമന്ത്രണം കേട്ട് -നീ പറയുന്നതെല്ലാം ചെയ്ത് നിന്റെ അത്ഭുതം അനുഭവിക്കുവാനും എന്നെ അനുഗ്രഹിക്കണമെ. എന്റെ അമ്മേ എന്റെ ആശ്രയമേ എന്നെ ഈശോയുടെ സ്വന്തമാക്കണമെ. അമ്മയെ ആരും തെരഞ്ഞെടുക്കുകയല്ല, ദൈവം സമ്മാനിക്കുകയാണ്. എന്നെ പ്രസവിച്ച അമ്മയെയും ഞാൻ തെരഞ്ഞെടുത്തതല്ല. ദൈവം തന്നതാണ്. ആ അമ്മയുടെ ഓരോ പ്രവർത്തിയുമാണ് എന്നെ അമ്മയോട് അടുപ്പിച്ചത്. എനിക്കുവേണ്ടി അമ്മ ഏറ്റെടുത്ത കഷ്ടപ്പാടുകൾ, സഹിച്ച വേദനകൾ, നൊമ്പരങ്ങൾ ഇതെല്ലാം ഓർക്കുമ്പോഴാണ് അമ്മ എന്ന സ്നേഹം എന്നെ വാരി പുണരുന്നത്. അതു പോലെ തന്നെയാണ് പരിശുദ്ധ അമ്മയുമായുള്ള ബന്ധവും.



### കാൽവരിയും മോറിയായും

സ്നേഹിച്ച് പ്രസവിച്ചു വളർത്തിയ മകനെ ജീവിതത്തിന്റെ നടുമുറ്റത്തു വച്ച് എനിക്കുവേണ്ടി ബലി അർപ്പിച്ച ആ അമ്മയുടെ സ്നേഹത്തിന്റെ ആഴം മനസിലാക്കുവാൻ പരിശുദ്ധാത്മാവെ എന്റെ മനസിനെയും ബുദ്ധിയെയും പ്രകാശിപ്പിക്കണമെ. കാൽവരിയിലെ ബലി ദൈവപുത്രൻ മനുഷ്യരെ വീണ്ടെടുക്കുവാൻ അർപ്പിച്ച അനന്തയോഗ്യതയുള്ള പരമബലിയാണ്. ആ ബലിയിൽ പക്ഷേ ഒരു അമ്മയുടെ കണ്ണീരിന്റെ ഉപ്പും കലരണമെന്ന് ദൈവം തിരുമനസായി. എന്നെ മകനാക്കുവാൻ പരിശുദ്ധ കന്യകാമറിയം അനുഭവിച്ച ഈറ്റു നോവായിരുന്നു ആ ബലി. അങ്ങനെ നൂറ്റാണ്ടുകൾക്കപ്പുറത്ത് മോറിയ മലയിൽ തന്റെ മകനെ ദൈവത്തിന് ബലി അർപ്പിക്കുവാൻ തയ്യാറായ ഒരു വൃദ്ധപിതാവിന് ദൈവം കൊടുത്ത വാഗ്ദാനങ്ങൾക്കെല്ലാം അമ്മയും അവകാശിയായി. അന്ന് ദൈവം പറഞ്ഞു. നീ നിന്റെ ഏക പുത്രനെപ്പോലും എനിക്കു തരാൻ മടിക്കായ്കകൊണ്ട് ഞാൻ ശപഥം ചെയ്യുന്നു. ഞാൻ നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും. നിന്റെ സന്തതികളെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽത്തീരത്തെ മണൽത്തരിപോലെയും ഞാൻ വർദ്ധിപ്പിക്കും. ശത്രുവിന്റെ നഗര കവാടങ്ങൾ അവർ പിടിച്ചെടുക്കും. നീ എന്റെ വാക്ക് അനുസരിച്ചതുകൊണ്ട് നിന്റെ സന്തതിയിലൂടെ ലോകത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടും (ഉത്. 22.16—18). അതായത് ശത്രുവിന്റെ നഗരകവാടങ്ങൾ പിടിച്ചെടുക്കുന്നത് അമ്മയുടെ മക്കളാണ്. അവരിലൂടെയാണ് ലോകത്തിലെ ജനതകളെല്ലാം അനുഗ്രഹിക്കപ്പെടുക. ഇവിടെ വിശ്വാസികൾ ഉത്പ്പത്തി പുസ്തകത്തിലെ ആദ്യത്തെ വാഗ്ദാനവും ഓർക്കും. പാപം ചെയ്യിച്ച് മനുഷ്യനെ കെണിയിലാക്കിയ സർപ്പത്തോട് ദൈവമായ കർത്താവ് പറഞ്ഞ വാക്കുകളാണവ. നീയും സ്ത്രിയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിന്റെ തല തകർക്കും (ഉത് 3.15). അതുകൊണ്ട് മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ പൂർത്തീകരണമാണ് ഈ അമ്മത്വാഭിഷേകം. ഈശോ ആ പ്രഖ്യാപനം നടത്തിയപ്പോഴാണ് എല്ലാം പൂർത്തിയായത്. അവിടുന്നു ഒന്നുകൂടി പറഞ്ഞു, എനിക്കു ദാഹിക്കുന്നു. ഈ അമ്മയെ ഈശോ സ്നേഹിക്കുന്നവരെല്ലാം സ്വന്തം അമ്മയായി സ്വീകരിക്കുന്നതിനു വേണ്ടി കൂടി അവിടുന്നു ദാഹിച്ചു അന്ന് പറുദീസയിൽ വച്ച് ദൈവം ആ സ്ത്രീയോട് ഒന്നു കൂടി പറഞ്ഞു. നീ വേദനയോടെ കുഞ്ഞുങ്ങളെ പ്രസവിക്കും. പാപം ചെയ്തു ദൈവത്തെ മുറിപ്പെടുത്തുന്ന എന്നെ ഞാനാക്കി മാറ്റുവാൻ ദൈവപുത്രനാക്കി മാറ്റുവാൻ ഈറ്റു നോവ് അനുഭവിക്കുന്നവളാണ് അമ്മ. ഒരു മകനും അറിയാത്ത ഒരു അമ്മ വേദനയാണല്ലോ ഈറ്റു നേവ്. ഒരിക്കൽ പൗലോസ് ശ്ലീഹാ പറഞ്ഞില്ലേ എന്റെ കുഞ്ഞുങ്ങളെ ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ ഞാൻ നിങ്ങൾക്കു വേണ്ടി ഈറ്റു നേവ് അനുഭവിക്കുന്നു എന്ന് (ഗലാ. 4.19) അമ്മയെ അറിയണമെങ്കിൽ അമ്മയുടെ സ്നേഹം മനസിലാക്കണമെങ്കിൽ അനുഭവിക്കണമെങ്കിൽ അമ്മയെ കുറിച്ച് ധ്യാനിക്കണം. അമ്മ സ്നേഹത്തിന്റെ ഓർമ്മപ്പൊട്ടുകൾ വിളക്കി ചേർക്കണം. അത് പ്രസവിച്ചു വളർത്തിയ അമ്മയുടെ കാര്യത്തിലായാലും



എന്റെ മകൾക്ക് ഒരു വയസ്സുമുതൽ 18 വയസ്സുവരെ ചെവിയുടെ പിന്നിൽ വലിയ ഒരു കുരു വരാറുണ്ടായിരുന്നു. ഡോക്ടറെ കാണിച്ചിട്ട് കുരു കീറിക്കളയാറാണ് പതിവ്. വന്നുകഴിഞ്ഞാൽ വേദന കാരണം ഭക്ഷണം കഴിക്കാൻ സാധിക്കില്ല. അങ്ങനെ ഇരിക്കുമ്പോൾ വചനോത്സവം വായിക്കുകയും അതിലെ സാക്ഷ്യങ്ങൾ വായിക്കാനും ഇടയായി. അപ്പോൾ ഞാൻ സാക്ഷ്യപ്പെടുത്താമെന്ന് നേർച്ച നേർന്നു. അതിന്റെ ഫലമായി പിന്നീട് കുരു ഉണ്ടായിട്ടില്ല. കുരു മാറിയിട്ട് അഞ്ചു വർഷമായി പൂർണ്ണമായി സുഖപ്പെട്ടു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

ഷെറിൻ ബാബു, മുണ്ടത്തിക്കോട്

**നിന്റെ ജീവിതം കർത്താവിന് ഭരമേൽപ്പിക്കുക; കർത്താവിൽ വിശ്വാസമർപ്പിക്കുക. അവിടുന്ന് നോക്കിക്കൊള്ളും (സങ്കീ. 37:5).**

ദൈവം തന്ന മറിയം അമ്മയുടെ കാര്യത്തിലായാലും. നിസംഗനായി നടക്കുന്നവന് സ്നേഹം മനസിലാകില്ല. അതുകൊണ്ടാണ് ഇന്നത്തെ കാലത്തിന്റെ ഏറ്റവും വലിയ രോഗമായി ഫ്രാൻസിസ് പാപ്പാ നിസംഗതയെ ചിത്രീകരിച്ചത് സ്വർഗറാണി ഫാത്തിമായിൽ 1917 മെയ് 13 ന് ലൂസിക്കും ഫ്രാൻസിസിനും ജസിന്തക്കും അമ്മ പ്രത്യക്ഷപ്പെട്ടു. അവർ ആടു മേച്ചു കൊണ്ടിരുന്ന മൈതാനത്തിലെ ഓക്കു മരത്തിനു മുകളിൽ അവർ കണ്ട പ്രകാശത്തിൽ കുളിച്ചു നിന്ന സ്ത്രി അവരെ വിളിച്ചു. പേടിക്കണ്ട അടുത്തു വാ. ഓരോ വിശ്വാസിയോടും അമ്മ നടത്തുന്ന നിശബ്ദ ആഹ്വാനമാണിത് ഭയപ്പെടേണ്ട. അടുത്തു വാ. അടുത്തു ചെന്നപ്പോൾ അമ്മയോട് ലൂസി ചോദിച്ചു. എവിടെ നിന്നും വരുന്നു. അമ്മ പറഞ്ഞു സ്വർഗത്തിൽ നിന്ന്. ലൂസി എടുത്ത വായിൽ തന്നെ ചോദിച്ചു. എന്നെ സ്വർഗത്തിൽ കൊണ്ടു പോകാമോ? അമ്മ പറഞ്ഞു കൊണ്ടു പോകാം. ഫ്രാൻസിസും ജസിന്തയും ആ ചോദ്യം തന്നെ ആവർത്തിച്ചു. മൂന്നു പേർക്കും ഉത്തരം കിട്ടി കൊണ്ടു പോകാം. ചോദ്യം അമ്മയുടെതായി. പാപികളുടെ മാനസാന്തരത്തിനായി ധാരാളം കൊന്ത ചൊല്ലാമോ? കുട്ടികൾ സമ്മതിച്ചു. അപ്പോൾ അമ്മ തെരക്കി. ദൈവത്തിനു നിങ്ങളെ തന്നെ സമർപ്പിക്കുവാനും അവിടുന്ന് അയക്കുന്ന കുരിശുകൾ വഹിക്കുവാനും നിങ്ങൾ സന്നദ്ധരാണോ? ദൈവത്തെ ദ്രോഹിക്കുന്ന പാപികളുടെ പാപപരിഹാരമായി മാനസാന്തരത്തിനുവേണ്ടി അവ സഹിക്കാമോ?ഞങ്ങൾ സന്നദ്ധരാണ്.. അവർ പറഞ്ഞു. നിങ്ങൾക്കു സഹിക്കേണ്ടി വരും. എന്നാൽ ദൈവാനുഗ്രഹത്തിലൂടെ നിങ്ങൾക്കു ശക്തിയും സാന്ത്വനവും ലഭിക്കും. ഇതാണ് സ്വർഗത്തിലേക്ക് അമ്മ പറഞ്ഞു തരുന്ന വഴി. യേശു രഹസ്യങ്ങളെക്കുറിച്ച് ധ്യാനിക്കുക. ജീവിതത്തിലെ കഷ്ടപ്പാടുകൾ ദൈവത്തെ ദ്രോഹിക്കുന്ന പാപികളുടെ പാപപരിഹാരമായി അവരുടെ മാനസാന്തരത്തിനു വേണ്ടി കാഴ്ച വയ്ക്കുക. രോഗമോ പട്ടിണിയോ തിരസ്ക്കരണമോ ഉണ്ടാക്കുന്ന ഒരു സഹനവും പാഴാക്കരുത്. ദൈവത്തിന് സമ്മാനമായി കാഴ്ച വയ്ക്കുക., അതെ നമ്മുടെ അമ്മ സ്വർഗത്തിലാണ്. ഓഗസ്റ്റ് 15 ന് നാം അമ്മയുടെ സ്വർഗാരോപണ തിരുനാൾ കൊണ്ടാടുന്നു. 1950 നവംബർ ഒന്നിന് പന്ത്രണ്ടാം പീയുസ് പാപ്പായാണ് അമ്മയുടെ സ്വർഗോരോപണം വിശ്വാസ സത്യമായി പ്രഖ്യാപിച്ചതും അഞ്ചാം നൂറ്റാണ്ടു മുതൽ കൊണ്ടാടിയിരുന്ന ഓഗസ്റ്റ് 15 ലെ സ്വർഗ്ഗാരോപണ തിരുനാൾ സാർവത്രിക മാക്കിയതും.

## സ്വർഗത്തിലേക്ക് കരേറ്റപ്പെട്ട മനുഷ്യസ്ത്രീ

ബനഡിക്ട് 16-മൻ പാപ്പാ ഓർമ്മിപ്പിച്ചു ഈശോ സ്വർഗത്തിൽ നിന്നും ഇറങ്ങി വന്ന മനുഷ്യശരീരമാണ്. മറിയം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട മനുഷ്യശരീരവും. അതെ സ്വർഗസ്ത്രീയായിരുന്നു ഞാൻ. അതുകൊണ്ട് അവ എല്ലാം എനിക്കറിയാം. ഒന്നും പറഞ്ഞില്ലെങ്കിലും. ഈ അമ്മയാണ് ദൈവപുത്രനെ മനുഷ്യപുത്രനാക്കിയത്. അമ്മ ഈശോയ്ക്ക് കൊടുത്തത് ശരീരം മാത്രമല്ല. മാനുഷിക ഭാവങ്ങളും കൊടുത്തു. 2020 ൽ വി. യൗസേപ്പ് പിതാവിന്റെ വത്സരം പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച അപ്പസ്തോലിക ലേഖനത്തിൽ വിസ്മയകരമായ ഒരു പ്രയോഗമുണ്ട്. യൗസേപ്പ് പിതാവിനോടുള്ള പ്രാർത്ഥനയിലാണത്. "ദിവ്യരക്ഷകന്റെ പാലകനെ, അങ്ങയോട് ഒത്ത് യേശു മനുഷ്യനായിതീർന്നു". ശരീരം മാത്രമല്ല മനുഷ്യത്വം അമ്മയുടെയും അപ്പന്റെയും രീതികളും ശീലങ്ങളും മനോഭാവങ്ങളും എല്ലാമാണ്. ഒരു കുഞ്ഞിനെ മനുഷ്യനാക്കുന്നത്. ദൈവത്തെ മനുഷ്യരാക്കുവാൻ അമ്മ അനുഭവിച്ച കഷ്ടപ്പാടുകൾ നിരവധിയാകണം. അന്ന് പന്ത്രണ്ടാം വയസിൽ കാണാതെ പോയപ്പോൾ എന്തേ ഇങ്ങനെ ചെയ്തു എന്ന് ശാസിച്ചതും കാനായിൽ വീഞ്ഞ് തീർന്നുപോയപ്പോൾ കുടുംബത്തെ സഹായിക്കണം എന്ന് പറഞ്ഞതും നമുക്കായി സുവിശേഷം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം എത്രയോ സംഭവങ്ങൾ 30 വയസുകാലത്തെ വേറെയും ഉണ്ടാവണം.

ഇന്ന് അമ്മ മനുഷ്യപുത്രരായ നമ്മെ ദൈവപുത്രരാക്കി ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗത്തിലേക്ക് നയിക്കുകയാണ്. അതിനുള്ള വഴികൾ ഓർമ്മിപ്പിച്ചുകൊണ്ട് ലോകത്താകമാനം അമ്മ പ്രത്യക്ഷപ്പെടുന്നു.സഭയെ സഹായിക്കുന്നു. അമ്മ പറയുന്ന വഴികൾ എല്ലാം ഒന്നാണ് യേശു രഹസ്യങ്ങൾ ധ്യാനിക്കുക. അവയുടെ ശക്തിയിൽ വിശ്വസിക്കുക ശരണപ്പെടുക. കുരിശുകളുമായി ഈശോയെ പിൻ ചെല്ലുക. അമ്മേ ജഡത്തിന്റെ എല്ലാ അഭിനിവേശങ്ങളെയും നേരിടാനും സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിക്കാനും പ്രാപ്തനാക്കണമെ അങ്ങനെ മനുഷ്യപുത്രനായ എന്നെ ദൈവപുത്രനാക്കണമെ ആമ്മേൻ



പാടുവിൻ നവവഴി

*ക്രിസ്തീയ ഭക്തിഗാന രചനാ രംഗത്ത് വേറിട്ട വഴിയിലൂടെയാണ് ബഹുമാനപ്പെട്ട പനച്ചിക്കലച്ചൻ യാത്ര ചെയ്തത്. പുരോഹിതർക്കിടയിൽ ഗാനരചയിതാക്കൾ ധാരാളം ഉണ്ടെങ്കിലും ഇത്രയും ഭാവനാ സമ്പന്നവും കാവ്യാത്മകവും ഭാഷാ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തിയതുമായ രചയിതാക്കൾ വിരളമാണ്. അര നൂറ്റാണ്ടു പിന്നിടുന്ന അദ്ദേഹത്തിന്റെ ഗാനസപര്യയിൽ ആദ്യ ഗാനമായ 'നിത്യത തീർക്കുന്ന നിമിഷങ്ങളേ' എന്ന ഗാനം തന്നെ ഇന്നും സമാനതകളില്ലാത്തതാണ്. 'മേലേ മാനത്തെ ഈശോയെ' ഭക്തി ഗാനത്തിന്റെ സാധ്യതകളുടെ എല്ലാ അതിരുകളും ഭേദിച്ചു ആസ്വാദക മനസ്സ് കീഴടക്കിയ ഒന്നാണ്. നിത്യഹരിതം എന്ന് വിശേഷിപ്പിക്കാവുന്ന 'തിരുനാമ കീർത്തനം പാടുവാനല്ലെങ്കിൽ' എന്ന് തുടങ്ങുന്ന ഗാനത്തിന്റെ പിന്നാമ്പുറ കഥകളാണ് മരണക്കിടക്കയിൽ ആയിരുന്നപ്പോൾ വചനോത്സവത്തിനായി സ്വന്തം കൈപ്പടയിൽ കുറിച്ചത്. മാലാഖമാരൊത്ത് തിരുനാമകീർത്തനം പാടാൻ ജൂൺ പതിനാറിന് അദ്ദേഹം യാത്രയായി.*

# തിരുനാമകീർത്തനം

**ഫാ. മൈക്കിൾ പനച്ചിക്കൽ വി.സി.**

ഗാന രചനയെ കുറിച്ച് ആചാര്യന്മാർ പറയുന്നത് പാട്ട് എഴുതുകയല്ല പിന്നെയോ എഴുകയാണ് എന്നാണ്, അതായത് ഒരു കൂൺ എഴുന്നത് പോലെ. തലേ ദിവസം വരെ ഒരു സൂചനയും ഉണ്ടായിരിക്കില്ല. എന്നാൽ പുലർച്ചെ എഴുന്നേറ്റ് നോക്കുമ്പോൾ അതാ ഒരു കൂൺ എഴുന്ന് നിൽക്കുന്നു, പാട്ട് വരുന്ന വഴിയും അങ്ങനെ തന്നെ. തിരുനാമ കീർത്തനം തന്നെ അങ്ങനെയുള്ള പദപ്രയോഗങ്ങളൊക്കെ ആലോചിച്ചുറപ്പിച്ച് തുടങ്ങിയതൊന്നുമല്ല. ചില പ്രത്യേക സാഹചര്യങ്ങൾ അങ്ങനെയുള്ള പ്രയോഗങ്ങളിലേക്കും ആശയങ്ങളിലേക്കുമൊക്കെ എന്നെ നയിക്കുകയായിരുന്നു. ഒരു സ്പാർക്ക് എന്നൊക്കെ പറയുന്നത് പോലെ നമ്മെ വല്ലാതെ പിടിച്ചുലക്കുന്ന ഒരു മുഹൂർത്തം ദൈവം നമുക്ക് മുന്നിൽ കൊണ്ട് തരുന്നതാണ്.

മലയാള ഗാന നിരൂപകനായ ടി പി ശാസ്ത മംഗലം എന്റെ പാട്ടുകളെ കുറിച്ചു പറയുന്ന ത് ഹൃദയത്തിൽനിന്ന് വരുന്ന ദൈവ സ്വരങ്ങൾ എന്നാണ്. ഇവിടെ വന്ന് മലയാളം പഠിച്ചു ഭക്തി ഗാനങ്ങളെഴുതിയ മിഷനറിമാരിൽ തുടങ്ങിയ ഈ പാട്ടുശാഖ പനച്ചിക്കലച്ചന്റെ വരവോടെ കാവ്യ ഭംഗി തുളുമ്പുന്ന സാഹിത്യ രചനയായി മാറി എന്ന് അദ്ദേഹം നിരൂപിക്കുന്നു. എന്റെ എല്ലാ ഗാനങ്ങളും ഗൗരവമുള്ളതും ഗഹനവും ചിന്താപരവും ആത്മീയവും എന്നാൽ അതീവ ലാളിത്യം പുലർത്തുന്നതുമാണെന്ന് അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്. അതിന് ഏറ്റവും നല്ല ഉദാ ഹരണം തിരുനാമ കീർത്തനം തന്നെ എന്ന ദ്ദേഹം പറയുന്നു. വിമർശനാത്മകമായി ഗാന ങ്ങളെ വിലയിരുത്തുന്ന ഒരാൾ പറഞ്ഞ കാ ര്യം ഇവിടെ പറയുന്നത് ഞാൻ പറയുന്നതി നേക്കാൾ വായനക്കാർക്ക് സ്വീകാര്യമാകു മല്ലോ എന്ന് കരുതിയാണ്.

ഇനി ഞാൻ തിരുനാമ കീർത്തനം എന്ന ഗാനം രൂപപ്പെടാൻ ഇടയായ പശ്ചാത്തലം പറ യാം. 1984 ൽ ഞാൻ വചനോത്സവത്തിന്റെ പ്രഥമ പത്രാധിപരായി പോട്ടയിൽ നിയമിത നായി. അവിടെ കൂടിയാൽ അമ്പത് പേർക്ക് താമസിച്ചു ധ്യാനിക്കാവുന്ന സാഹചര്യമാണു ള്ളത്. പ്രധാന ശുശ്രൂഷ കൗൺസിലിംങ്ങും കുമ്പസാരവുമായിരുന്നു. അവിടെ എത്തുന്ന ആളുകളെ കാണാനും അവരുടെ പ്രശ്ന ങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാനും കൗൺസിലിംഗിനും മറ്റുമായി ബഹുമാന പ്പെട്ട നായ്ക്കംപറമ്പിലച്ചനും പനക്കലച്ചനും ആശ്രമത്തിന്റെ മുൻവശത്തുള്ള മുറികളിൽ ഇരിക്കും. ആളുകൾ നിരയായി മുറിക്കു മുന്നിൽ നിൽക്കും, ഓരോരുത്തരായി അച്ചന്മാരെ കണ്ടു പ്രാർത്ഥിച്ചു മടങ്ങും. ഒരുദിവസം കാണാൻ വന്നവരുടെ നിര വല്ലാതെ നീണ്ടു, അപ്പോൾ നായ്ക്കം പറമ്പിൽ അച്ചൻ എന്നോട് നിരയായി നിൽക്കുന്ന ആളുകളെ വിളിച്ചിരുത്തി വചനം പ്രസംഗിക്കാൻ പറഞ്ഞു. എന്തു പറയണം എന്ന് ചോദിച്ചപ്പോൾ തകർച്ചകൾ ദൈവം നന്മക്കായി മാറ്റും എന്ന് പറയാൻ പറഞ്ഞു. പോട്ടയിൽ മുന്നൂറ്റി അറുപത്തഞ്ച് ദിവസവും ജനം ഒഴു കിയെത്തുന്ന അനുദിന ശുശ്രൂഷ എന്ന ദൈവ പദ്ധതി അങ്ങനെ ആരംഭിക്കുകയായിരുന്നു എന്ന് പിന്നീടാണ് മനസ്സിലായത്. ഞാൻ അവരെ വിളിച്ചിരുത്തി പലതും പറയാൻ തുടങ്ങി. അക്കാലത്ത് കൈകൊട്ടി പാടുന്നതോ ഉച്ചത്തിൽ സ്തുതിക്കുന്നതോ ഒന്നും പരിചിത മല്ലായിരുന്നു. കുറച്ചുപേർ പ്രാർത്ഥിക്കും കുറ ച്ചുപേർ പാടും അങ്ങനെ ഒരു തണുപ്പൻ പ്ര തികരണം. അതിന് മാറ്റം വരുത്താൻ പാ ട്ടുകാരനെയും കൂട്ടി അവരെ ദൈവത്തെ സ്തുതി ക്കേണ്ടതെങ്ങനെ എന്നൊക്കെ പറഞ്ഞ് കൊ ടുക്കാൻ തുടങ്ങി. ഇടക്ക് പാട്ടുപാടാനും കയ്യ ടിക്കാനും സ്തുതിക്കാനും ഒക്കെ അവരെ പ്രേ രിപ്പിച്ചുകൊണ്ടിരുന്നു.

പലരും ഇതിനൊക്കെ മടിച്ചിരുന്നപ്പോൾ



എനിക്ക് കുറച്ചു വർഷ ങ്ങളായി ചുമ തുട ങ്ങിയിട്ട്. ഞാൻ ഈശോയോടും അമ്മയോടും പ്രാർത്ഥിച്ചു. വച നോത്സവത്തിൽ സാക്ഷ്യപ്പെ ടുത്താമെന്ന് നിശ്ചയിച്ച് പ്രാർത്ഥി ച്ചു. പ്രാർത്ഥനയുടെ ഫലമായി ദൈവം എനിക്ക് സൗഖ്യം ന ല്കി എന്നെ അനുഗ്രഹിച്ചു. ദൈ വമഹത്ത്വത്തിനായി ഈ അനു ഗ്രഹം വചനോത്സവത്തിൽ സാക്ഷ്യ പ്പെടുത്തുന്നു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

ത്രേസ്യാ റാഫേൽ മൈസൂർ



എന്റെ മകൾ ബബിതയുടെ വിവാഹം കഴിഞ്ഞ് ഒമ്പതു വർഷ മായിട്ടും ഒരു കുഞ്ഞുണ്ടായില്ല. ദൈവ മഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് തീരുമാനിച്ച് പ്രാർത്ഥിച്ചിരുന്നു. ഈശോ പ്രാർത്ഥന കേട്ട് ഒരു പെൺകുഞ്ഞിനെ നല്കി അനുഗ്രഹിച്ചു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം. കൂടാതെ എന്റെ വായിലെ മോണയിൽ മാക്സില്ലാ വളരുന്നു എന്ന രോഗം ഉണ്ടായിരുന്നു. 2012ലും 2017ലും ഓപ്പറേഷൻ വേണ്ടി വന്നു. രണ്ടാമത്തെ ഓപ്പറേഷന്റെ സമയത്ത് ഡോക്ടർ പറഞ്ഞു ടെസ്റ്റ് ചെയ്യാനായി ഒരു ഓപ്പറേഷൻ ചെയ്യണം. അതുകഴിഞ്ഞ് വീണ്ടും ചെയ്യണമെന്ന് പറഞ്ഞു. വചനോ ത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ഒരു ഓപ്പറേഷനിൽ തന്നെ ശരിയായി. പിന്നെ ആ രോഗം വന്നിട്ടില്ല. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

വത്സമ്മ ചാക്കോച്ചൻ, കോട്ടയം

എന്റെ നെഞ്ചുടക്കിയ ഒരു കാഴ്ച ഞാൻ കണ്ടു. കൈപ്പത്തി ഇല്ലാത്ത ഒരാൾ പരിസരം മറന്നു കൈകൾ വീശി ഉച്ചത്തിൽ പാടുന്നു. ഞാൻ സ്വഗതം പറഞ്ഞു നാവുള്ളവർ വാതു റക്കാതെ നിൽക്കുന്നു, കയ്യുള്ള ആരോഗ്യവാ ന്മാർ കയ്യുംകെട്ടി നിൽക്കുന്നു. ഇവിടെയാ ണൊരാൾ കയ്യില്ലാത്തതിനെ യോർത്ത് ഭാരപ്പെടാതെ അത് മറന്ന് സന്തോഷിക്കുന്നത്. അതെന്നെ വല്ലാതെ അതിശയപ്പെടുത്തി. സാധാരണ മനുഷ്യർ കുറവുകൾ മറച്ചു വക്കു കയാണ് പതിവ്. തലമുടി നരച്ചാൽ അത് കറു പ്പിച്ചു നര മറച്ചു വയ്ക്കാനാണ് പലരും ശ്രമിക്കു ന്നത്. എന്നാൽ ഇവിടെ ഒരാൾ തന്റെ കുറവു കൾ മറച്ചുവെക്കാതെ ദൈവത്തെ മഹത്ത്വപ്പെടു ത്തുന്നു. അതായത് ഇല്ലാത്തതിനെ കുറിച്ചു വിചാരപ്പെടാതെ ഉള്ളതിൽ സന്തോഷിക്കുക യും ലഭിച്ച അനുഗ്രഹങ്ങളെപ്രതി ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. ഈ മനുഷ്യന്റെ സ്തുതിപ്പാണ് തിരുനാമ കീർത്തനം എഴുതാൻ കാരണമായി എനിക്കുണ്ടായ സ്പാർക്. ആദ്യം രണ്ട് ഈരടികളേ കിട്ടിയുള്ളൂ. അപ്പോൾ ഞാന ത് മനസ്സിൽ കുറിച്ചിട്ടു അന്ന് വൈകിട്ട് ഞാനത് ഡയറിയിൽ കുറിച്ചിട്ടു.

അധികം താമസിയാതെ ഞാൻ അടിച്ചിറ ധ്യാനകേന്ദ്രത്തിലേക്കു സ്ഥലം മാറി പോന്നു. അവിടെ ആയിരിക്കുമ്പോൾ ഒരു ദിവസം അനുഗ്രഹീത സംഗീതജ്ഞൻ സണ്ണി സ്റ്റീഫൻ എന്നെ വന്നു കണ്ട് നമുക്കൊരു ആൽബം ചെയ്യണം എന്ന് പറഞ്ഞു. അച്ചന്റെ പാട്ടുകൾ ചെയ്യാൻ എനിക്ക് വലിയ താത്പര്യം ഉണ്ടെന്ന് അദ്ദേഹം പറഞ്ഞതിലെ ആത്മാർത്ഥത മനസ്സി ലാക്കിയത് കൊണ്ടും അദ്ദേഹത്തിന്റെ കാര്യ മായ പ്രോത്സാഹനത്താലും ഒരു ആൽബം ചെയ്യാൻ ഞങ്ങൾ തീരുമാനിച്ചു.

ഞാൻ പഴയ ഡയറി എടുത്തു നോക്കി പല പാട്ടുകൾക്കും പാകത്തിന് രണ്ടും നാലും വരികൾ കുറെയേറെ അതിൽ കുറിച്ചിട്ടിരുന്നു. അതിൽ തിരുനാമ കീർത്തനം കൂടാതെ ഉണ്ടാ യിരുന്ന ഒന്നായിരുന്നു തന്നാലും നാഥാ. പിന്നീട് ഒരാൽബത്തിന് വേണ്ടി പല പാട്ടുകളും ചിട്ടപ്പെടുത്തുകയായിരുന്നു. അങ്ങനെ ചെയ്ത പ്പോൾ അനുഭവത്തിന്റെ കലവറയിൽ നിന്നും ഭാവനയിൽ നിന്നും പലതും കൂട്ടിച്ചേർക്കാൻ ഇടയായി, അങ്ങനെയാണ് ഓരോ പാട്ടും പൂർത്തിയാക്കിയത്.

ഞാൻ കുറച്ചു മുൻപ് കാഞ്ഞിരപ്പുഴ എന്ന മലയോര മേഖലയിൽ പാലക്കയം എന്ന ഇടവകയിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്.

അവിടെ സമീപത്തുകൂടി ഒരു കാട്ടാറ് ഒഴുകു ന്നുണ്ട്. കല്ലിൻ കൂട്ടത്തിൽ തല്ലി മറിഞ്ഞ് ശബ്ദ മുണ്ടാക്കി അതൊഴുകുന്നത് കണ്ടിരിക്കാൻ നല്ല രസമാണ്. മാത്രമല്ല ആ തണുത്ത ജല കണങ്ങൾ സ്പ്രേ ചെയ്യുന്നത് പോലെ കാറ്റിൽ പറന്നു വന്ന് ദേഹത്തിന് കുളിരേകുമാ യിരുന്നു. കൂടാതെ അവിടെ ധാരാളം വർണ്ണ ചേമ്പിലകൾ ഉണ്ടായിരുന്നു. അതാവട്ടെ കാറ്റത്തു ചിറകടിക്കുന്നത് പോലെ അനുഭ വപ്പെട്ടിരുന്നു. ഇതെല്ലാം ചേർന്നതാണ് 'പുഴയുടെ സംഗീതം ചിറകേറ്റിയെത്തുന്ന കുളിർക്കാറ്റിലലിഞ്ഞു ഞാൻ പാടും' എന്ന ഭാഗം.

കൂടാതെ അവിടെ പുലരിയിൽ വട്ടം കൂടിയിരുന്നു ചിലക്കുന്ന കരികിലക്കിളികൾ ഒരു ദൈനംദിന കാഴ്ചയായിരുന്നു. പിന്നെ അന്ത്യവിധിയും യുഗാന്ത്യവും എല്ലാം ഭാവന യിൽ നിന്ന് കലർത്തി പൂർത്തിയാക്കിയതാണ് തിരുനാമ കീർത്തനം.

പാട്ടുകേൾക്കുവാൻ QR code സ്കാൻ ചെയ്യുക



എന്റെ മരുമകൾക്ക് ഒരു വർഷമായി ജോലി നഷ്ടപ്പെ ട്ടിരിക്കുകയായിരുന്നു. പരിശുദ്ധ അമ്മയോടും യേശുവിനോടും പ്രാർ ത്ഥിച്ചതിന്റെ ഫലമായി ദൈവം നല്ല ഒരു ജോലി നല്കി ദൈവം മരുമകളെ അനുഗ്രഹിച്ചു. ഈ അനുഗ്രഹം ദൈവമഹത്ത്വത്തിനായി വചനോത്സവം മാസികയിൽ സാക്ഷ്യ പ്പെടുത്തുന്നു. യേശുവേ നന്ദി. യേശുവേ, സ്തോത്രം.

ലീലാമ്മ തോമസ്, ഗുജറാത്ത്



എനിക്ക് പല്ലുവേദന ആയിരുന്നു. ഡോക്ടറെ കണ്ട് മരുന്ന് കഴിച്ചിട്ടും കുറവുണ്ടായില്ല. ഒരു ദിവസം ഡോക്ടറെ കാണാൻ പോയ പ്പോൾ വചനോത്സവം ലഭിച്ചു. സാക്ഷ്യങ്ങൾ വായിച്ചപ്പോൾ ഞാനും വിശ്വസിച്ച് പ്രാർത്ഥി ച്ചു. എന്റെ പല്ലുവേദന മാറിയാൽ സാക്ഷ്യ പ്പെടുത്താമെന്ന് നിശ്ചയിച്ചു പ്രാർത്ഥിച്ചു. എന്റെ പ്രാർത്ഥന ദൈവം കേട്ടു. എന്റെ പല്ല് വേദന മാറി. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

ജോയി, വഴക്കുംപാറ



ഫാ ഡോ. ദേവ് അക്കര കപ്പൂച്ചിൻ



# വാക്ക്

വാക്കുകൾ ഉപയോഗിക്കുന്ന ഒരേയൊരു ജീവിയാണ് മനുഷ്യൻ. സംസാരിക്കുമ്പോഴും എഴുതുമ്പോഴും ചിന്തിക്കുമ്പോഴും ആയിര ക്കണക്കിന് വാക്കുകളിലൂടെ ഒരു മനുഷ്യൻ കടന്നുപോകുന്നു. ലക്ഷക്കണക്കിന് വാക്കുകളി ലൂടെ കടന്നു പോയാലും അവയൊന്നും ഒരാളു ടെ ഹൃദയത്തെ സ്പർശിക്കണം എന്നില്ല. നമ്മുടെ വിശുദ്ധ ഗ്രന്ഥ വായനകൾ പലതും നമ്മളെ സ്പർശിക്കാതെ പോകുന്നു. അല്ലെങ്കിൽ എന്നേ നമ്മുടെ ജീവിതങ്ങളിൽ അത്ഭുതങ്ങൾ നടന്നേനെ.

വചനത്തിന്റെ വെറുമൊരു വായനക്കാരനി ൽനിന്ന് അതിന്റെ ജീവനുള്ള വിവർത്തനമായി മാറുന്നതാണ് ക്രിസ്തീയ ശിഷ്യത്വത്തിന്റെ അടിസ്ഥാനപരമായ യാത്ര. സുവിശേഷം ജീവിക്കുക എന്നാൽ, ആ വചനം നമ്മുടെ ചിന്ത കളെയും പ്രതിദിന ഇടപെടലുകളെയും നമ്മു ടെ തീരുമാനങ്ങളെയും രൂപപ്പെടുത്താൻ അനു വദിക്കുക എന്നതാണ്; അങ്ങനെ നമ്മുടെ ജീവിതം തന്നെ ലോകം വായിക്കുന്ന ഒരു വചനമായി മാറിത്തീരണം.

വചനം വെറുതെ കേട്ടുപോകുന്നതിന്റെ അപ കടത്തെക്കുറിച്ച് യാക്കോബ് ശ്ലീഹാ ശക്തമായ മുന്നറിയിപ്പ് നൽകുന്നുണ്ട്:

നിങ്ങൾ വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനു വർത്തിക്കുന്നവരും ആയിരിക്കുവിൻ. വചനം കേൾക്കുകയും അത് അനുവർത്തിക്കാതി രിക്കുകയും ചെയ്യുന്നവൻ തന്റെ മുഖം കണ്ണാടിയിൽ കാണുന്ന മനുഷ്യനു സദൃശനാ ണ്. അവൻ തന്നെത്തന്നെ നോക്കിയിട്ടു കടന്നുപോകുന്നു; താൻ എങ്ങനെയിരിക്കുന്നു വെന്ന് ഉടൻ തന്നെ വിസ്മരിക്കുകയും ചെയ്യുന്നു(യാക്കോബ് 1:22-24)

വെറുതെ കേൾക്കുന്നതുകൊണ്ട് മാത്രം ആത്മീയ പക്വത കൈവന്നു എന്ന് കരുതുന്ന ഒരു മിഥ്യാധാരണയെയാണ് യാക്കോബ് ശ്ലീഹാ ഇവിടെ തുറന്നുകാട്ടുന്നത്. കണ്ണാടി യാഥാർത്ഥ്യത്തെ അതുപോലെ കാണിച്ചുതരു ന്നു; മുഖത്തെ അഴുക്കും ഒതുങ്ങാത്ത മുടിയും അത് വ്യക്തമാക്കുന്നു. ഒരുവൻ കണ്ണാടിയിൽ നോക്കി തന്റെ പോരായ്മ മനസ്സിലാക്കിയിട്ടും

അത് തിരുത്താതെ നടന്നുപോയാൽ, ആ കണ്ണാടി നോട്ടം കൊണ്ട് ഒരു പ്രയോജനവുമില്ല.

ഇതുപോലെ, സുവിശേഷം ഒരു ആത്മീയ കണ്ണാടിയായി പ്രവർത്തിക്കുന്നു. അത് നമ്മുടെ ഉള്ളിലെ സ്വാർത്ഥലക്ഷ്യങ്ങളെയും ഒളിഞ്ഞിരിക്കുന്ന മുൻവിധികളെയും തകർച്ചകളെയും വെളിപ്പെടുത്തുന്നു. വചനം വായിച്ചിട്ടും അത് നമ്മുടെ പെരുമാറ്റത്തിൽ മാറ്റം വരുത്തുന്നില്ലെങ്കിൽ, നാം നമ്മെത്തന്നെ വഞ്ചിക്കുകയാണ്. വചനത്തിന്റെ യഥാർത്ഥ വിദ്യാർത്ഥി വചനത്തിലേക്ക് നോക്കുക മാത്രമല്ല, വചനത്തിലൂടെ തന്റെ ജീവിതത്തിൽ എവിടെയൊക്കെയാണ് മാറ്റം വരുത്തേണ്ടതെന്ന് തിരിച്ചറിയുകയും ചെയ്യുന്നു.

സുവിശേഷം ദൈനംദിന ജീവിതത്തിൽ പ്രകടമാകണമെങ്കിൽ, പുസ്തക താളുകളിലെ അക്ഷരങ്ങളിൽ നിന്ന് മനുഷ്യഹൃദയത്തിന്റെ ആന്തരിക ഘടനയിലേക്ക് കുടിയേറേണ്ടതുണ്ട്. തന്റെ കാലഘട്ടത്തിലെ പ്രീശൻമാരുടെ നിയമകേന്ദ്രീകൃതമായ ജീവിതത്തെ അഭിസംബോധന ചെയ്തപ്പോൾ യേശു ഊന്നിപ്പറഞ്ഞത് ഈ ആന്തരിക മാറ്റത്തെക്കുറിച്ചാണ്. പ്രീശൻമാർ വചനം വായിക്കുന്നതിൽ മിടുക്കരായിരുന്നു; അവർ തോറ മനഃപാഠമാക്കി, വചനഭാഗങ്ങൾ നെറ്റിയിൽ ധരിച്ചു, നിയമത്തിന്റെ സൂക്ഷ്മമായ വിശദാംശങ്ങളെക്കുറിച്ച് തർക്കിച്ചു. എന്നിട്ടും, യേശു അവരെ നോക്കി ഏശയ്യാ പ്രവാചകന്റെ വാക്കുകൾ ഉദ്ധരിച്ചു:

ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എന്നിൽനിന്ന് വളരെ അകലെയാണ് (മത്താ 15:8).

ബുദ്ധിപരമായ അറിവും ആന്തരികമായ മാറ്റവും തമ്മിലുള്ള ഈ വ്യത്യാസമാണ് വിശ്വാസ ജീവിതത്തിലെ ഏറ്റവും വലിയ പ്രതിസന്ധി. വചനവുമായുള്ള യഥാർത്ഥ സമ്പർക്കം സങ്കീർത്തകൻ വിവരിക്കുന്നതുപോലെ ഒരു ആന്തരിക നിക്ഷേപമായി മാറണം:

അങ്ങേക്കെതിരേ പാപം ചെയ്യാതിരിക്കേണ്ടതിനു ഞാൻ അങ്ങയുടെ വചനം ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു (സങ്കീ 119:11)

ഹൃദയം എന്നതുകൊണ്ട് ബൈബിൾ വിവക്ഷിക്കുന്നത് വെറും വികാരങ്ങളെയല്ല, മറിച്ച് ബുദ്ധിയും വിവേകവും തീരുമാനങ്ങളും എടുക്കുന്ന കേന്ദ്രത്തെയാണ്. വചനം ഹൃദയത്തിൽ സംഗ്രഹിക്കുക എന്നാൽ, നമ്മുടെ ഓരോ തീരുമാനത്തെയും വചനവുമായി കൂട്ടിക്കെട്ടുക എന്നാണ് അർത്ഥം. ഒരു പ്രതിസന്ധിയോ, കോപമോ, പ്രലോഭനമോ ഉണ്ടാകുമ്പോൾ, നമ്മുടെ സ്വാഭാവികമായ ജൈവിക പ്രതികരണങ്ങൾക്ക് പകരം സുവിശേഷാധിഷ്ഠിതമായ പ്രതികരണമാണ്

**അവർ കർത്താവിങ്കലേക്ക് മടങ്ങിവരികയും അവരുടെ പ്രാർത്ഥന കേട്ട് കർത്താവ് അവർക്ക് സൗഖ്യം നല്കുകയും ചെയ്യും (ഏശ 19:22).**



എന്റെ സഹോദരിയുടെ ഭർത്താവിന് 2024 ഡിസംബറിൽ ഫിറ്റ്സ് വരികയും അബോധാവസ്ഥയിലാവുകയും ഹോസ്പിറ്റലിൽ അഡ്മിറ്റാവുകയും ചെയ്തു. സൗഖ്യം ലഭിച്ചാൽ ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് ഞാൻ ഈശോയോട് കരഞ്ഞ് പ്രാർത്ഥിക്കുകയും മാതാവിന്റെ മാദ്ധ്യസ്ഥം യാചിക്കുകയും ചെയ്തതിന്റെ ഫലമായി ചേട്ടന് പൂർണ്ണ സൗഖ്യം ലഭിച്ചു. യേശുവേ, നന്ദി. യേശു സ്തോത്രം.

ഷീന ജോർജ്,കൊടുങ്ങല്ലൂർ



എനിക്ക് അലർജി രോഗം മൂലം ധാരാളം ബുദ്ധിമുട്ടനുഭവിച്ചിരുന്നു. രോഗം മാറിക്കിട്ടിയാൽ ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നേർന്നതിന്റെ ഫലമായി അലർജി രോഗം പൂർണ്ണമായും ഭേദപ്പെട്ടു. യേശുവേ, നന്ദി, യേശുവേ, സ്തോത്രം.

ജൂലിയറ്റ് മേരി, നെടുപുഴ

നമ്മിൽ നിന്ന് ഉണ്ടാകേണ്ടത്. ക്രിസ്തുവിന്റെ ചിന്തയോടെ കാര്യങ്ങളെ കാണാനും പ്രതികരിക്കാനും തക്കവണ്ണം വചനം നമ്മിൽ വേരൂന്നണം.

അവനിൽ വസിക്കുന്നു എന്ന് പറയുന്നവൻ അവൻ നടന്നതുപോലെതന്നെ നടക്കേണ്ടതാകുന്നു (1 യോഹ 2:3-6)

ദൈവത്തെ അറിയുന്നതിന് യോഹന്നാൻ വ്യക്തമായ ഒരു മാനദണ്ഡമാണ് നൽകുന്നത്. അത് ദൈവശാസ്ത്രപരമായ അറിവോ, വൈകാരികമായ ആനന്ദമോ, വ്യവസ്ഥാപിതമായ വായനാപദ്ധതിയോ അല്ല; മറിച്ച് നമ്മുടെ ജീവിതശൈലിയാണ്. അവൻ നടന്നതുപോലെ നടക്കുക. എന്നാൽ ക്രിസ്തുവിന്റെ ജീവിത ശൈലി നമ്മുടെ ആധുനിക സാഹചര്യത്തിൽ പകർത്തി ജീവിക്കുക എന്നാണ്.

യേശു ജീവിച്ചത് ഒരു ഏകാന്തമായ ധ്യാനജീവിതമായിരുന്നില്ല; മറിച്ച് തകർന്ന മനുഷ്യരോടുള്ള നിരന്തരമായ സാമീപ്യമായി പരിവർത്തനം ചെയ്യപ്പെട്ടു. അവൻ കുഷ്ഠരോഗിയെ തൊട്ടു, പാർശ്വവത്കരിക്കപ്പെട്ടവരെ ശ്രവിച്ചു, അടിച്ചമർത്തുന്ന സാമൂഹിക വ്യവസ്ഥിതികളെ ചോദ്യം ചെയ്തു. നമ്മുടെ വചനവായന നമ്മെ അത്തരം സജീവമായ സ്നേഹപ്രവർത്തികളിലേക്ക് നയിക്കുന്നില്ലെങ്കിൽ, നമ്മുടെ അറിവ് ആത്മീയമായി ശൂന്യമാണ്. യോഹന്നാൻ തന്റെ ലേഖനത്തിൽ ഇത് വീണ്ടും ഊന്നിപ്പറയുന്നു:

കുഞ്ഞുങ്ങളേ, നാം വാക്കുകൊണ്ടും നാവുകൊണ്ടുമല്ല, പ്രവൃത്തികൊണ്ടും സത്യം കൊണ്ടും തന്നെ സ്നേഹിക്കുക (1 യോഹ 3:18)

ഈ വചനസാക്ഷാത്കാരം എങ്ങനെയാണ് സംഭവിക്കുന്നത്? ലൗകികമായ ചിന്താഗതികൾക്ക് വിരുദ്ധമായി, പരിശുദ്ധാത്മാവിന്റെ രൂപാന്തരീകരണ ശക്തിക്ക് അനുദിനം സ്വയം സമർപ്പിക്കുന്നതിലൂടെയാണ് ഇത് സംഭവിക്കുന്നത്. റോമാക്കാർക്കെഴുതിയ ലേഖനത്തിൽ പൗലോസ് അപ്പസ്തോലൻ ഈ മാറ്റത്തെക്കുറിച്ച് വിവരിക്കുന്നു:

നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും പരിപൂർണ്ണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്കു സാധിക്കും. (റോമ12:2)

ഇവിടെ രൂപാന്തരപ്പെടുവിൻ എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് ഒരു പുഴുശലഭമായി മാറുന്ന ജൈവികമായ രൂപാന്തരീകരണത്തെ (Metamorphosis) സൂചിപ്പിക്കുന്നതാണ്. ഇത് പൂർണ്ണമായ ഭാവമാറ്റത്തെ കാണിക്കുന്നു.

വചനത്തിന്റെ നിഷ്ക്രിയരായ വായനക്കാർ ഈ ലോകത്തിന്റെ അച്ചിൽ വാർക്കപ്പെടാൻ സ്വയം അനുവദിക്കുന്നു; അവർ ലോകത്തിന്റെ വിജയമാനദണ്ഡങ്ങളും ഉപഭോഗസംസ്കാരവും ഉൾക്കൊള്ളുന്നു. എന്നാൽ



എന്റെ മകനും കുടുംബവും അഞ്ചുവർഷമായി യുകെയിൽ ജോലി ചെയ്യുകയായിരുന്നു. അവർക്ക് അവിടുത്തെ കാലാവസ്ഥ ഒത്തുപോകാൻ പറ്റുന്നില്ലായിരുന്നു. കുട്ടികൾക്ക് പോലും ഡി 3 ഗുളികകൾ കഴിക്കണമായിരുന്നു. അതുകൊണ്ട് അവർ ആസ്ത്രേലിയായിലേക്ക് പി.ആർ വിസയ്ക്ക് അപേക്ഷിച്ചു. 2025 പോട്ട ബൈബിൾ കൺവെൻഷൻ സമയങ്ങളിൽ അതിന്റെ ഒരുക്കങ്ങളിൽ പ്രാർത്ഥന നിയോഗങ്ങൾ വച്ച് പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ ഫലമായി പി.ആർ വിസ കിട്ടി. ഞാനും ഭർത്താവും പോട്ട ആശ്രമത്തിൽ വെള്ളിയാഴ്ചകളിൽ വന്ന് ആരാധനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചിരുന്നു. സ്കൂളും പള്ളിയും ഒക്കെ അടുത്തുള്ള വീട് ലഭിക്കാൻ ഈശോയോട് പ്രാർത്ഥിച്ചിരുന്നു. ദൈവം അതിനും വഴി ഒരുക്കിത്തന്നു. ഞങ്ങളെ അനുഗ്രഹിച്ച ഈശോയ്ക്ക് ആയിരമായിരം നന്ദി. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

ആനി തോമസ്, കുഴൂർ

വചനം പ്രവർത്തിക്കുന്നവർ തങ്ങളുടെ മനസ്സ് പുതുക്കാൻ അനുവദിക്കുകയും ബദൽ ജീവിത ശൈലി കെട്ടിപ്പടുക്കുകയും ചെയ്യുന്നു. ഈ രൂപാന്തരീകരണം അദൃശ്യമായ ഒരു ആന്തരികാവസ്ഥ മാത്രമല്ല; അത് സമൂഹത്തിൽ പ്രകടമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നു:

എന്നാൽ, ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത,സൗമ്യത, ആത്മസംയമനം ഇവയാണ് (ഗലാ 5:22-23)

ഈ ആത്മാവിന്റെ ഗുണങ്ങളെല്ലാം മറ്റുള്ളവരുമായുള്ള ബന്ധത്തിൽ പ്രകടമാകേണ്ടവയാണ്; ദീർഘക്ഷമയും ദയയും സൗമ്യതയും ഒക്കെ ഒറ്റപ്പെട്ടൊരു ജീവിതത്തിൽ പരിശീലിക്കാൻ കഴിയില്ല. അവയ്ക്ക് മനുഷ്യരുമായുള്ള സമ്പർക്കം ആവശ്യമാണ്. ശത്രുതയുടെ മുന്നിൽ ദയ കാണിക്കുമ്പോഴും, പെട്ടെന്നുള്ള ആഗ്രഹസാഫല്യങ്ങളുടെ ലോകത്ത് ഇന്ദ്രിയ നിഗ്രഹം പാലിക്കുമ്പോഴും, അനുദിന ഉത്കണ്ഠകൾക്കിടയിൽ ആഴമായ സമാധാനം പുലർത്തുമ്പോഴും വചനം നമ്മിൽ ജീവനുള്ളതായി മാറുന്നു.

വിശുദ്ധ ഗ്രന്ഥം വായിക്കുന്നതിന്റെ പരമമായ ലക്ഷ്യം വചനത്തിന്റെ തുടർച്ചയായി മാറുക എന്നതാണ്. വർദ്ധിച്ചുവരുന്ന മതേതര ലോകത്ത്, ഭൂരിഭാഗം ആളുകളും ഒരു ബൈബിൾ എടുത്ത് വായിക്കുകയോ ദൈവശാസ്ത്രപരമായ പുസ്തകങ്ങൾ പഠിക്കുകയോ ഇല്ല. അവർ വാക്കുകളുടെ വേരുകളോ പുരാതന പശ്ചാത്തലങ്ങളോ പരിശോധിക്കുകയുമില്ല. പകരം, അവർ വായിക്കുന്ന ഏക സുവിശേഷം ക്രിസ്തുവിനെ അനുഗമിക്കുന്നു എന്ന് അവകാശപ്പെടുന്ന നമ്മുടെ ജീവിതമായിരിക്കും. കോറിന്തോസിലെ സഭയോട് സംസാരിക്കുമ്പോൾ പൗലോസ് അപ്പസ്തോലൻ ഈ വലിയ ദൗത്യത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നുണ്ട്:

ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതപ്പെട്ടതും സകലമനുഷ്യരും അറിയുകയും വായിക്കുകയും ചെയ്യുന്നതുമായ ഞങ്ങളുടെ ശിപാർശക്കത്ത് നിങ്ങൾതന്നെയാണ്. മഷികൊണ്ടല്ല, ജീവിക്കുന്ന ദൈവത്തിന്റെ ആത്മാവുകൊണ്ട്, കല്പലകകളിലല്ല, മനുഷ്യരുടെ ഹൃദയ ഫലകങ്ങളിൽ ഞങ്ങളുടെ ശുശ്രൂഷവഴി എഴുതപ്പെട്ട ക്രിസ്തുവിന്റെ ലിഖിതമാണു നിങ്ങൾ എന്നു വ്യക്തമാണ്. (2കോറി 3:2-3)

നാം ജീവനുള്ള ലേഖനങ്ങളാകാൻ വിളിക്കപ്പെട്ടവരാണ് വചനത്തിന്റെ മാംസവും രക്തവുമുള്ള വിവർത്തനങ്ങൾ. നമ്മുടെ ദൈനംദിന ജീവിതം വ്യവസ്ഥയില്ലാത്ത ക്ഷമയും, ആഴമായ ഉദാരതയും, വിട്ടുവീഴ്ചയില്ലാത്ത വിശ്വസ്തതയുംകൊണ്ട് അടയാളപ്പെടുത്തപ്പെടുമ്പോൾ സുവിശേഷം ദൃശ്യവും സ്പർശ്യവുമായി മാറുന്നു.



എന്റെ ബ്രസ്റ്റ് സ്കാൻ ചെയ്തപ്പോൾ BIRAD 4 A suspicious എന്നാണ് സ്കാനിംഗ് വന്നത്. ഡോക്ടറെ കാണിച്ചപ്പോൾ FNAC എടുക്കണമെന്ന് ആവശ്യപ്പെട്ടു. FNAC ചെയ്തപ്പോൾ റിസൽട്ടിൽ വീണ്ടും റിപ്പീറ്റഡ് ബയോപ്സി ചെയ്യണമെന്ന് ആവശ്യപ്പെട്ടു. പോട്ട ആശ്രമത്തിൽ വന്ന് ധ്യാനം കൂടി ധ്യാനത്തിൽ വെച്ച് ആരാധനയുടെ സമയത്ത് ഫ്രാൻസിസ് അച്ചൻ വിളിച്ചു പറഞ്ഞു ഒരു സഹോദരിയുടെ ബ്രസ്റ്റിന്റെ തടിപ്പിന്റെ കാര്യത്തിൽ യേശു ഇടപെടുന്നുണ്ട് എന്ന്. ഭയപ്പെടേണ്ടയെന്ന്. അതിനു ശേഷം ഡോക്ടറെ പോയി കണ്ടപ്പോൾ പറഞ്ഞു 20 ശതമാനം കാൻസർ സാധ്യതയുണ്ടെന്ന് ബ്രസ്റ്റ് core ബയോപ്സി എടുക്കണമെന്ന് ആവശ്യപ്പെട്ടു. ഡോക്ടറിന്റെ നിർദ്ദേശപ്രകാരം വീണ്ടും എടുത്തു ബയോപ്സിക്ക് കൊടുത്തശേഷം അഞ്ച് ദിവസം അടുപ്പിച്ച് പോട്ട ആശ്രമത്തിൽ വന്ന് കുർബാനയിലും ആരാധനയിലും സംബന്ധിച്ച് കഠിന വേദനയോടെ കരഞ്ഞ് പ്രാർത്ഥിച്ചു. റിസൽട്ട് അഞ്ചാമത്തെ ദിവസം വന്നു. അതിൽ കാൻസർ മറ്റ് മാരകരോഗങ്ങൾ ഒന്നും തന്നെ ഇല്ലെന്ന് റിസൽട്ട് വന്നു. അതിനുശേഷം തടിപ്പ് ഓപ്പറേഷൻ ചെയ്ത് പൂർണ്ണമായും നീക്കം ചെയ്ത് ബയോപ്സിക്ക് അയച്ചുകൊടുത്തു. തുടർന്ന് ഡിവൈനിൽ വന്ന് ധ്യാനം കൂടി പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ ഫലമായി രോഗങ്ങൾ ഒന്നും തന്നെയില്ലെന്ന് റിസൽട്ട് വന്നു. യേശുവേ, നന്ദി. യേശുവേ, സ്തുതി.

ദീപ ചാക്കോ, കരാംചിറ



നിഴലും പൊരുളും

ജിൻസി സന്തോഷ്

# ഏദനിൽ നിന്നും യേശുവിലേയ്ക്ക്




ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു (ഉത്പ്പ1 : 1 ) മനുഷ്യൻ, പ്രപഞ്ചം, കുടുംബം, പാപം, ബലി, സഹനം, മരണം, കൃഷി രക്ഷാകര ചരിത്രം .....അങ്ങനെ എല്ലാറ്റിന്റെയും ആരംഭങ്ങളുടെ പുസ്തകമായ ഉത്പത്തിയുടെ ആദ്യത്തെ രണ്ടു വാക്കുകൾ പറയുന്നു:

'ആദിയിൽ ദൈവം...' എല്ലാം ആരംഭിച്ചപ്പോൾ ദൈവം അനുദിന ജീവിതത്തിലെ പഠന ജോലി മേഖലകൾ ..., ദാമ്പത്യം..., കുടുംബം ...., ശുശ്രൂഷാമേഖലകൾ.., അങ്ങനെ മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളും ആരംഭിക്കേണ്ടത് ദൈവത്തിൽനിന്നും ദൈവത്തോടു കൂടിയാവണമെന്നും വചനം പഠിപ്പിക്കുന്നു. അന്ന് ഏദനിൽ എല്ലാ അനുഗ്രഹങ്ങളുടെയും നടുവിൽ ദൈവം ഒരു വിലക്കപ്പെട്ട കനി മനുഷ്യനു മുന്നിൽ വച്ചു. മനുഷ്യ ജീവിതത്തിലെ ദൈവാനുഗ്രഹങ്ങളുടെ പറുദീസയിൽ നന്മതിന്മകളുടെ അറിവിന്റെ വൃക്ഷത്തിലെ ആ വിലക്കപ്പെട്ട കനി, നമ്മുടെ ജീവിതത്തിന്റെ നിയന്താവ് ദൈവമായ കർത്താവാണെന്ന് നിരന്തരം ഓർമ്മിപ്പിക്കുന്നു.

ആരംഭങ്ങൾ എല്ലാം സ്വന്തബുദ്ധിയിലും കഴിവുകളിലും ആശ്രയിച്ചതാണ് നമ്മുടെ പരാജയ കാരണം.

ജീവിതത്തിൽ നന്മയുടെ സമൃദ്ധിയും നോവിന്റെ തീവ്രതയും ദൈവത്തോട് ചേർത്ത് ദൈവഹിത മറിഞ്ഞ് ക്രമീകരിക്കാൻ നമുക്ക് പരിശ്രമിക്കാം.

ആദ്യ പുരുഷൻ അവന്റെ പെണ്ണിന്റെ കാതിൽ മന്ത്രിച്ച ഈരടി.

എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും (ഉത്പ്പ2:23) ഈ വ്യാഖ്യാനം കേട്ടു മനസു നിറഞ്ഞ സ്ത്രീയെ ബൈബിൾ വിളിക്കുന്ന പേരാണ് ഹവ്വ. എല്ലാ സമൃദ്ധിയുടെയും സൗഭാഗ്യങ്ങളുടെയും മദ്ധ്യേ ഏകാന്തത അനുഭവപ്പെട്ട ആദിമ മനുഷ്യന്റെ ജീവിതത്തിലേക്ക് ദൈവം ഒഴുക്കിയ സ്നേഹത്തിന്റെ തേനരുവിയായിരുന്നു ഹവ്വ. ഉറങ്ങിക്കിടന്ന അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്താണ് അവൾക്കു രൂപം കൊടുത്തത് എന്ന് തിരുവെഴുത്ത്. ഹൃദയത്തെ പൊതിഞ്ഞു സംരക്ഷിക്കുന്ന വാരിയെല്ല് ഇവിടെ ഭാര്യാഭർതൃബന്ധത്തിന്റെ ആഴവും ഐക്യവും സൂചിപ്പിക്കുന്നു.

ഒന്നിക്കാൻ, ഒറ്റ ശരീരമാകാൻ, ..... സർവ്വത്തിന്റെയും സൃഷ്ടാവിനോടൊത്തു സൃഷ്ടികർമ്മത്തിൽ പങ്കാളികളാകാൻ....അതിനാണവർ സൃഷ്ടിക്കപ്പെട്ടതെന്നു വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു.

പാപം ലോകത്തിൽ പ്രവേശിക്കുന്നതിന് മുമ്പ്, ആദാമും ഹവ്വായും ദൈവസാന്നിധ്യത്തിൽ പൂർണ്ണമായി അംഗീകരിക്കപ്പെട്ടവരായി, പൂർണ്ണമായി സ്നേഹിക്കപ്പെട്ടവരായി,പൂർണ്ണമായും സുരക്ഷിതരായി ജീവിച്ചു. ദൈവത്തിനും മനുഷ്യർക്കും ഇടയിൽ ഭയമോ നാണമോ മറഞ്ഞിരിക്കലോ ഉണ്ടായിരുന്നില്ല.

മനുഷ്യൻ യഥാർത്ഥത്തിൽ പിതാവിനൊപ്പം പൂർണ വിശ്രമത്തിലാണ് ജീവിച്ചിരുന്നത്. അതിനാൽ തന്നെ ക്രിസ്തുവിന്റെ സുവിശേഷം മനുഷ്യന് ശിക്ഷയിൽ നിന്ന് രക്ഷപ്പെടുത്തുക മാത്രമല്ല, യേശുക്രിസ്തുവിലൂടെ മനുഷ്യരാശിയെ ദൈവവുമായുള്ള തടസ്സമില്ലാത്ത ബന്ധത്തിലേക്ക് തിരികെ കൊണ്ടുവരുന്നതാണ്.

എന്നാൽ ആ പൂർണതയ്ക്കുള്ളിൽ ഒരു തിരഞ്ഞെടുപ്പ് വന്നു. ദൈവം ആദാമിനും ഹവ്വായ്ക്കും ഒരു കൽപ്പന നൽകി: നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുത്. ഈ കൽപ്പന അവരെ നിയന്ത്രിക്കാനല്ല, മറിച്ച് അവർക്ക് ഇച്ഛാസ്വാതന്ത്ര്യത്തിന്റെ സമ്മാനം നൽകാനായിരുന്നു - അനുസരണവും സ്നേഹവും തിരഞ്ഞെടുക്കാനുള്ള കഴിവ്. യഥാർത്ഥ സ്നേഹത്തിന് തിരഞ്ഞെടുപ്പ് ആവശ്യമാണ്, ദൈവവുമായി ഒരു വ്യക്തിപരമായ ബന്ധമാണ് അവിടുന്ന് ആഗ്രഹിച്ചത്.

നുണയനും വഞ്ചകനുമായ സർപ്പം ദൈവത്തിന്റെ സത്യത്തെ വളച്ചൊടിക്കാനുള്ള തന്ത്രവുമായി രംഗത്തെത്തി.

അവൻ ഹവ്വായുടെ മനസ്സിൽ സംശയം നട്ടുപിടിപ്പിച്ചു, ദൈവവചനത്തെയും ഉദ്ദേശ്യങ്ങളെയും ചോദ്യം ചെയ്തു.

നടുവിലെ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്ന് കൽപിച്ചിട്ടുണ്ടോ..? എന്ന ചോദ്യം വഞ്ചനയുടെ വാതിലായി.

ശത്രു പലപ്പോഴും ആക്രമിക്കുന്നത് ബലപ്രയോഗത്തിലൂടെയല്ല, ആശയക്കുഴപ്പവും നുണയും കൊണ്ടാണെന്ന് ഈ സംഭാഷണം നമ്മെ ഓർമ്മിപ്പിക്കുന്നു. ഹവ്വാ ഫലംകണ്ടു, ഭക്ഷിച്ചു, ഉടനെ, അവരുടെ കണ്ണുകൾ തുറന്നു- പക്ഷേ അവർ പ്രതീക്ഷിച്ച രീതിയിലല്ല. ദൈവത്തെപ്പോലെയാകുന്നതിനു പകരം, അവർ തങ്ങളുടെ നഗ്നതയെക്കുറിച്ച് ബോധവാന്മാരായി, ലജ്ജ തോന്നി.

സമാധാനത്തിനു പകരം ഭയം വന്നു, അവർ ദൈവത്തിൽ നിന്ന് മറഞ്ഞു.

മനുഷ്യൻ അവനെ സൃഷ്ടിച്ചവനിൽ നിന്ന് വേർപിരിയുന്നത് ആദ്യമായിട്ടായിരുന്നു. ഇലകൾ കൊണ്ട് മൂടുക എന്നതായിരുന്നു അവരുടെ ആദ്യ സഹജാവബോധം.

ആഴമേറിയതും ആത്മീയവുമായ മുറിവിനുള്ള താൽക്കാലികവും ദുർബലവുമായ പരിഹാരമായിരുന്നു അത്.

സ്വന്തം തെറ്റ് മറയ്ക്കാൻ സൃഷ്ടികളെ ഉപയോഗിക്കാനുള്ള മനുഷ്യവർഗത്തിന്റെ ശ്രമം അത്തിയിലയുടെ ദുർബലത പോലെ തന്നെ നശ്വരമാണ്. നീ എവിടെയാണ്? എന്ന് ദൈവം ചോദിച്ചപ്പോൾ, ദൈവം ഒരു ലൊക്കേഷൻ അന്വേഷിക്കുകയായിരുന്നില്ല; മറിച്ച് ഒരു കുറ്റസമ്മതം തേടുകയായിരുന്നു. ഉത്തരവാദിത്തം ഏറ്റെടുക്കുന്നതിനുപകരം ആദം നീ എനിക്ക് തന്ന സ്ത്രീയെന്ന് കുറ്റപ്പെടുത്തിയപ്പോൾ ദാനത്തെയും ദാതാവിനെയും കുറ്റം വിധിച്ചു. ഹവ്വ പ്രലോഭകനായ സർപ്പത്തെയും. പാപം നമ്മെ ദൈവത്തിൽ നിന്ന് വേർപെടുത്തുക മാത്രമല്ല, നമ്മുടെ ബന്ധങ്ങളെ തകരാറിലാക്കുകയും മാനസാന്തരത്തിന് പകരം കുറ്റാരോപണങ്ങളിലേയ്ക്കും ന്യായീകരണങ്ങളിലേയ്ക്കും നമ്മുടെ ഹൃദയങ്ങളെ മാറ്റുകയും ചെയ്യുന്നു.

ദൈവം തന്റെ നീതിയിൽ അനന്തരഫലങ്ങൾ പ്രഖ്യാപിച്ചു. അന്ന് മുതൽ ജീവിതം മനുഷ്യന് ഒരു പോരാട്ടമായി മാറി. എന്നിട്ടും ന്യായവിധിയിൽ പോലും ദൈവം തന്റെ കരുണ വെളിപ്പെടുത്തി.

വെളിപാട് 2.7 ഒരു വാഗ്ദാനത്തിന്റെ അധികാരത്തോടെ സംസാരിക്കുന്നു. വിജയം വരിക്കുന്നവനു ദൈവത്തിന്റെ പറുദീസായിലുള്ള ജീവവൃക്ഷത്തിൽനിന്നു ഞാൻ ഭക്ഷിക്കാൻ

കൊടുക്കും. (വെളി 2 : 7) വിനാശകരമായത് മനുഷ്യനിൽ വേരൂന്നാൻ ശ്രമിക്കുന്നത് ദൈവം കണ്ടു. ഒരു വിശുദ്ധ തടസ്സം അവിടുന്ന് മനുഷ്യന് മുന്നിൽ സ്ഥാപിച്ചു. നാം അതിനെ നഷ്ടമായി കണക്കാക്കി. സ്വർഗം അതിനെ സംരക്ഷണം എന്നു വിളിച്ചു. നമുക്കത് തിരസ്ക്കരണമായി അനുഭവപ്പെട്ടു. എന്നാൽ സ്വർഗത്തിന് അത് നിത്യതയിലേയ്ക്കുള്ള ഇടപെടലായിരുന്നു.

അതിനാൽ ജീവവൃക്ഷത്തിലേയ്ക്കുള്ള വഴി അടച്ചതും ഏദനിൽ നിന്നു പുറത്താക്കിയതും ദൈവം മനുഷ്യനോട് കാണിച്ച ക്രൂരതയല്ല; മറിച്ച് കാരുണ്യമാണ്. അവിടുന്ന് ആദാമിനെയും ഹവ്വായെയും മൃഗത്തിന്റെ തോലുകൊണ്ട് വസ്ത്രം ധരിപ്പിച്ച് അവരുടെ നാണം മറയ്ക്കുന്നു - വീണ്ടെടുപ്പിന്റെയും കൃപയുടെയും ആദ്യകാല ചിത്രം.

പിന്നീട് പ്രവാസത്തിന്റെ ദിനങ്ങൾ വന്നു. ആദാമും ഹവ്വായും ദൈവത്തിന്റെ നേരിട്ടുള്ള സാന്നിധ്യത്തിൽ നിന്നകന്ന് ഏദനിൽ നിന്ന് പുറത്താക്കപ്പെട്ടു. ജ്വലിക്കുന്ന വാളുമായി കെരൂബുകൾ പ്രവേശന കവാടത്തിൽ കാവൽ നിന്ന് അവർക്ക് മടങ്ങിവരാൻ കഴിയില്ലെന്ന് ഉറപ്പാക്കി.

അത് ഹൃദയഭേദകമായ വേർപിരിയലായിരുന്നു. എന്നാൽ ദൈവത്തിന്റെ മഹത്തായ പദ്ധതിയിൽ ആവശ്യമായ ഒരു ചുവടുവെപ്പ് കൂടിയായിരുന്നു അത്. വാൾ നിങ്ങളുടെ ശത്രുവല്ല. നിങ്ങളെ ശാശ്വതമായി തകർക്കാൻ ദൈവം വിസമ്മതിക്കുന്നു എന്നതിന്റെ തെളിവാണിത്. നമ്മൾ ആഗ്രഹിച്ച രീതിയിൽ ഉത്തരം നൽകാത്ത പ്രാർത്ഥനകളും വിശദീകരണമില്ലാതെ അവൻ അടച്ച പാതകളും അതിൽ ഉൾപ്പെടുന്നു. കാരണം കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല; അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ് (വിലാപങ്ങൾ 3 : 22-23).

കെരൂബുകൾ കാവലിരിക്കുന്ന പൂന്തോട്ടത്തിൽ കഥ അവസാനിച്ചില്ല. അത് ക്രൂരതകൾക്ക് സ്വയം ഏല്പിച്ചു കൊടുത്ത കാൽവരികുന്നിലേയ്ക്കാണ് നീങ്ങുന്നത്.നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് അവൻ കുരിശിലേറി. അത്, നാം പാപത്തിനു മരിച്ചു നീതിക്കായി ജീവിക്കേണ്ടതിനാണ്. അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു (1 പത്രോ 2 : 24).

ആത്മാവിനെ നിർജ്ജീവമാക്കുന്ന പാപനഗ്നതയെ മറയ്ക്കാൻ ലോക വ്യാപാരങ്ങളുടെ അത്തിയിലകൾ കൊണ്ട് എത്ര ആവരണമണിഞ്ഞാലും അവയൊന്നും ദൈവ ദൃഷ്ടിയിൽ നിന്ന് മറയ്ക്കപ്പെടുകയില്ല. ചുറ്റുമുള്ളവരിൽ മതിപ്പുളവാക്കാൻ നന്മതിന്മകളെ വിവേചിച്ചറിയാൻ ശ്രമിക്കാതെ ജീവിതം സ്വയം നിയന്ത്രിക്കുന്നതിന് മുമ്പ്, സൃഷ്ടാവിലേക്ക് മടങ്ങുക. ജീവിതത്തിന്റെ ഏദൻ തോട്ടത്തിൽ ഇനിയും ഒരു മരം നിങ്ങൾക്കായി കാത്തിരിക്കുന്നു, എന്നാൽ ഇത്തവണ അത് കെണികൾക്ക് പകരം ഹൃദയങ്ങളെ സുഖപ്പെടുത്തുന്നു, അഴിമതിയെ സംരക്ഷിക്കുന്നതിന് പകരം നീതി പുനഃസ്ഥാപിച്ച് ആത്മാവിന്റെ പൂർണതയായ നിത്യ ജീവൻ നൽകുന്നു.

അന്ന് ഏദനിൽ ദൈവം താൽക്കാലികമായി തോലുകൊണ്ട് ഉടയാടയുണ്ടാക്കി മറച്ചു കൊടുത്ത ആദത്തിന്റെ .. മനുഷ്യകുലത്തിന്റെ പാപ നഗ്നതയെ പിന്നീട് കാൽവരിയിൽ പുത്രന്റെ ചോരകൊണ്ട് മറയ്ക്ക പ്പെട്ടു. ചാട്ടവാർ അടിയിൽ നിന്നും, മുൾക്കിരീട ധാരണത്തിൽ നിന്നും, കാരിരുമ്പാണികൾ തുളച്ചു കയറിയതിനാലും യേശുവിന്റെ ശരീരത്തിൽ നിന്നും ഒഴുകി ഇറങ്ങിയ ചോര കൊണ്ട് കുരിശിൽ അവന്റെ നഗ്നത മറയ്ക്കപ്പെട്ടതുപോലെ ഇന്ന് നമ്മൾ ദൈവസന്നിധിയിൽ പാപത്തിന്റെ ലജ്ജാഭാരമില്ലാതെ നിൽക്കുന്നത് പുത്രന്റെ നഗ്നത ഉടയാടയാക്കിയാണ് എന്നത് മറക്കരുത്.



എന്റെ വിവാഹം കഴിഞ്ഞ് ആറുമാസമായിട്ടും pregnant ആവാത്തതുകൊണ്ട് പരിശോധിച്ചപ്പോഴാണ് പി.സി.ഒ.ഡി ഉണ്ടെന്ന് അറിഞ്ഞത്. ഒരു കുഞ്ഞിനെ ഒത്തിരി ആഗ്രഹിച്ച എനിക്ക് പി.സി.ഒ.ഡി ഉള്ളതുകൊണ്ട് ഇനി കുഞ്ഞ് ഉണ്ടാവില്ല എന്ന ഭയം ആയിരുന്നു. ഞാൻ ഈശോയോട് കരഞ്ഞ് പ്രാർത്ഥിച്ചു. കുഞ്ഞ് ഉണ്ടായിക്കഴിയുമ്പോൾ വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് പ്രാർത്ഥിച്ചു. അങ്ങനെ ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. ഒരു ആൺകുഞ്ഞിനെ തന്നു. പേര് ജീവൻ. അവന് പത്തുമാസം ആയപ്പോഴേക്കും അടുത്ത് കുഞ്ഞിനെ കൂടി തന്ന് ദൈവം അനുഗ്രഹിച്ചു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

റ്റിന്റു അഗസ്റ്റിൻ, അരിക്കുഴ



ചെവിയുള്ളവർക്കായി

കുഞ്ഞുമോൾ ബെന്നി



# സുബോധത്തിലേയ്ക്ക്

പത്തെമ്പത്തഞ്ചുവർഷങ്ങൾക്കപ്പുറമുള്ള ഒരു കാര്യമാണ്,അപ്പൂപ്പൻ പറഞ്ഞു കേട്ടത്. അന്ന് അവരുടെ കുട്ടിക്കാലത്ത് നാട്ടിൽ വറുതു മാപ്പിള എന്ന് വിളിപ്പേരുള്ള ഒരു കരപ്രമാണി ഉണ്ടായിരുന്നു. കുറച്ചേക്കർ ഭൂമി അന്ന് കൈവശമുള്ളത് അങ്ങേർക്ക് മാത്രം. നാലുവശവും തുഞ്ചോല വെച്ച് വേലി കെട്ടി മറച്ച് തന്റെ ഭൂമിയിൽ അയാൾ ധാരാളം കൃഷി ചെയ്തിരുന്നു. ഇന്നത്തെ പോലെ ജലസേചന പദ്ധതികൾ ഒന്നും ഇല്ലാതിരുന്ന അക്കാലത്ത്, പുലർകാലേ നാലുമണിയോടെ എഴുന്നേറ്റ്, ചെമ്പുകുടത്തിൽ തോട്ടിൽ നിന്നും വെള്ളം മുക്കി, തന്റെ ചെടികൾക്ക് എല്ലാം ഒഴിച്ച് തോട്ടിലെ പായലും എക്കലും ചെളിയും ഒക്കെ വാരി വളമിട്ട് സദാ ഭൂമിയോട് മല്ലിട്ടിരുന്ന ഒരു മനുഷ്യൻ. അതുകൊണ്ടെന്താ..? ആ പറമ്പ് ഒന്ന് കാണണം. കപ്പയും കാച്ചിലും ചേനയും വാഴയും പയറും മത്തനും ചീരയും തെങ്ങും, പ്ലാവും ഒക്കെ പൂത്തു, കായ്ച്ചു നിൽക്കുന്ന ഒരു ഹരിതചാരുതഭൂമിക.

വറുതുമാപ്പിള ഒറ്റാംതടി. ആരുമായി അത്ര അടുപ്പമൊന്നുമില്ല. സദാ ഭൂമിയിൽ പയറ്റി പോരാടി അങ്ങനെ നിൽക്കും. നാട്ടുകാർ നേരെ തിരിച്ചാണ്. മടിയരും മദ്യപാനികളും ചൂതാട്ടക്കാരുമായ ഒരു സമൂഹം. വീടുകളിൽ ദാരിദ്ര്യവും, കണ്ണീരും മാത്രം ശേഷിപ്പ്. വിശന്നു വലയുമ്പോ കുഞ്ഞുങ്ങൾ അലഞ്ഞലഞ്ഞ് വറുതു മാപ്പിളയുടെ പടിവാതിൽക്കൽ വന്നുനിൽക്കും. പഴുത്ത ചാമ്പയും മാമ്പഴവും ഒക്കെ വീണു കിടക്കുന്നത് പെറുക്കാൻ.

ഒട്ടിയവയറുമായിവന്നുനിൽക്കുന്നകുഞ്ഞുങ്ങളെ കാണുമ്പോൾ വറുതു മാപ്പിള, പറമ്പിൽ നിന്ന് കപ്പയും കാച്ചിലും വീട്ടാവശ്യത്തിന് പറ്റുന്നതൊക്കെ ചാക്കിലാക്കി കൊടുക്കും. കുഞ്ഞുങ്ങളുടെ പിന്നാലെ വന്ന് വേലിക്കരികിൽ അമ്മമാർ പതുങ്ങി നിൽപ്പുണ്ടാകും. അവർക്കറിയാം കുട്ടികളെ കണ്ടാൽ വറുതു മാപ്പിള എന്തെങ്കിലും കൊടുക്കാതെ വിടില്ലെന്ന്. അവരോടി വന്ന് ചാക്കെടുത്ത് തലയിൽ വച്ച് ചുമന്ന് കുടിലിലേയ്ക്ക് കൊണ്ടുപോകും.

അങ്ങേക്കരയിൽ ഇദ്ദേഹത്തിന്റെ ഒരു ബന്ധു താമസിക്കുന്നുണ്ട്, ഒരു കറിയാച്ചൻ. ഇതൊക്കെ കാണുമ്പോൾ അയാൾ വിളിച്ചു ചോദിക്കും. നീ...രാപകലില്ലാതെ പറമ്പിൽ വെട്ടിവിയർത്ത് ഉണ്ടാക്കുന്നതൊക്കെ കണ്ട മടിയന്റെയും ചൂതാട്ടക്കാരുടെയും മക്കൾക്ക് അനുഭവിക്കാൻ കൊടുക്കുന്നത് എന്നാത്തിനാ.

അന്നേരം വറുതുമാപ്പിള ഉറക്കെയുറക്കെ ചിരിക്കും. എന്നിട്ട് പറയും, ചേട്ടായി എന്റെ കൂടെ അരനാഴികനേരം കഴിഞ്ഞ് ഒന്ന് വാ. ആ കുഞ്ഞുങ്ങളുടെ കുടിലിനടുത്തുകൂടെ ഒന്ന് നടന്നു നോക്കാം. അന്നേരം ഈ കപ്പ കലത്തിൽ കിടന്നു തിളക്കണതിന്റെ ചുറ്റും ആ കുഞ്ഞുങ്ങൾ കൊതിപിടിച്ച് കൈകൊട്ടി കളിക്കുന്നത് കാണാം. സ്വർഗ്ഗം കാണണമെങ്കിൽ അന്നേരം ചേട്ടായി അതുങ്ങളുടെ മുഖത്തേക്ക് ഒന്ന് നോക്കിയാൽ മതി.

കറിയാച്ചന് പക്ഷേ അതൊന്നും ദഹിക്കില്ല .... മനസ്സിലാകത്തുമില്ല. അയാൾ വറുതു മാപ്പിളയെനോക്കിരണ്ടുചീത്തവിളിക്കും. പിന്നെ പറയും. ഓ...ഇങ്ങനെ ഒരു ധൂർത്താശാൻ.

വിശുദ്ധ ലൂക്കായുടെ സുവിശേഷം പതിനഞ്ചാം അദ്ധ്യായത്തിൽ നാം ഒരു ധൂർത്ത



# ഒരു തീർത്ഥയാത്ര

പിതാവിനെ കണ്ടുമുട്ടുന്നു. തന്റെ പടിവാതിൽക്കൽ വന്നുനിന്ന് ദൂരേയ്ക്ക് മിഴിയെറിയുന്ന, സ്നേഹം ധൂർത്തടിക്കുന്ന ഒരു അപ്പനെ.

സുവിശേഷം നമുക്ക് പരിചിതമാണ്. പിതാവിന് രണ്ടു മക്കൾ. ഇളയവൻ തന്റെ ഓഹരി ചോദിച്ചു വാങ്ങി ദൂരേയ്ക്ക് പോയി ധൂർത്തനായി ജീവിച്ച് സകലതും നശിപ്പിച്ച്, കൂടെയുള്ളവർ കൈയൊഴിയുമ്പോൾ, നിത്യവൃത്തിക്കായി പന്നി മേയ്ക്കാനുള്ള പണിയിൽ ഏർപ്പെടുന്നു. പന്നിയുടെ തവിട് പോലും കിട്ടാതെയാകുമ്പോൾ സുബോധം കിട്ടി, പിതാവിനെ ഓർക്കുന്നു. തിരികെ വന്ന് ആ പിതാവിന്റെ അവകാശത്തിലേക്ക് പ്രവേശിക്കുന്ന മനോഹരമായ ഈ ഉപമ അനേകതവണ നാമത് വായിച്ചിട്ടുണ്ട്, ധ്യാനിച്ചിട്ടുണ്ട്.

ഇവിടെ ഇളയ പുത്രൻ പിതാവിന്റെ സാന്നിധ്യത്തിൽ നിന്ന് അകന്ന് ദൂരേയ്ക്ക് മാറുമ്പോൾ അവന്റെ ഓഹരി അതായത് പിതാവ് അവന് നൽകിയ നിക്ഷേപം കൈമോശം വന്നു പോകാൻ ഇടയാകുന്നു. ഇതിനെയാണ് ധൂർത്ത് എന്ന് പറയുന്നത്. ദൈവീക സാന്നിധ്യം മറയുമ്പോൾ നിന്റെ കൈവശമുള്ള കൃപയുടെ നിക്ഷേപം പലവഴിക്ക് നഷ്ടപ്പെടാൻ ഇടയാകും.

ഒടുവിൽ അവൻ വീണു കിടക്കുന്ന ഇടം കൂടി ഒന്ന് ചിന്തിക്കുക., പന്നിക്കുഴി.

ഒരു യഹൂദൻ ഏറ്റവും വെറുക്കുന്ന, അറയ്ക്കുന്ന, അവന്റെ അധ:പതനത്തിന്റെ അവസാന ഇടം. അവിടെ വെച്ച് അവന് സുബോധം കിട്ടുന്നു. അവിടെ വച്ച് അവന് ഒരു കാര്യം മനസ്സിലായി. തവിട്, അത് പന്നിയുടെ അവകാശമാണ്. എന്റെ അവകാശം എന്റെ പിതാവിന്റെ ഭവനത്തിലാണ്.

ഹേ...മനുഷ്യാ... നീ പാപത്തിന്റെ അവസാനപടിയിൽ നിലംപറ്റി കിടക്കുകയാണോ...? നിനക്കിനിയും അവസരമുണ്ട്. അനുതപിക്കാൻ, വീണിടത്തുനിന്നും ഒന്നെഴുന്നേൽക്കാൻ, പിതാവിന്റെ ഭവനം ലക്ഷ്യമാക്കി തിരികെനടക്കാൻ ഒരവസരം കൂടി നിനക്കുണ്ട്.

ഇനി ധൂർത്ത പിതാവിന്റെ അരികിലേക്ക് ഒന്ന് വരാം ...സ്നേഹം ധൂർത്തടിക്കുന്ന അപ്പൻ. മകൻ ഏതു പാതിരാവിലും വന്നേക്കാം എന്നാശയുള്ളതിനാൽ വഴിക്കണ്ണുമായി നിൽക്കുന്ന ഒരപ്പൻ. അവൻ വന്നാലുടനെ അവനെ അണിയിക്കാൻ അവന് പാകമായ മേൽത്തരം വസ്ത്രം അതായത് അവൻ ഉപേക്ഷിച്ചു പോയ കൃപയുടെ വസ്ത്രം ഭൃത്യമാരുടെ കൈവശം ഏൽപ്പിച്ച് അവനെ കാത്തു നിൽക്കുന്ന അപ്പൻ. ആ പിതാവിനറിയാം തന്റെ സാന്നിധ്യത്തിന്റെ ബലമില്ലാതിരുന്നപ്പോൾ അവനിൽനിന്ന് സാത്താൻ സകലതും കവർന്നെടുത്തു കാണുമെന്ന്.

മകൻ വരുമ്പോൾ പുത്രത്വത്തിന്റെ അവകാശമുദ്രമായി അവനെ മോതിരമണിയിക്കുന്നു. വീണ്ടെടുപ്പിന്റെ അടയാളമായി സമാധാനത്തിന്റെ സുവിശേഷമാകുന്ന ചെരിപ്പണിയിക്കുന്നു. കൊഴുത്ത കാളക്കുട്ടിയെ കൊല്ലുന്നു, വിരുന്നൊരുക്കുന്നു അങ്ങനെ ബലിയിലൂടെ പിതൃപുത്രബന്ധത്തിന്റെ ഉടമ്പടി ഊട്ടിയുറപ്പിക്കുന്നു.

ദൈവീക സാന്നിധ്യത്തിന്റെ മുമ്പിൽ നിന്ന് അകന്ന് ദൂരേയ്ക്ക് പോയി കൃപയുടെ നിക്ഷേപം കൈമോശം വന്നു പോയിട്ടുള്ളപ്രിയരെ..... അനുതപിക്കുക... വീണിടത്തുനിന്നും എഴുന്നേൽക്കുക... പിതാവിന്റെ ഭവനത്തിലേക്ക് തിരികെ നടക്കുക. നിന്റെ അവകാശത്തിലേക്ക് ആനന്ദത്തോടെ പ്രവേശിക്കുക.

# ഉപാധിയില്ലാതെ



ഫാ. ഡാനിയേൽ
പൂവണ്ണത്തിൽ

മത്തായി. 19:30ൽ യേശു പറഞ്ഞ മുമ്പൻമാർ പിമ്പന്മാരും പിമ്പന്മാർ മുമ്പൻമാരുമാകും എന്നതിന്റെ വിശദീകരണമാണ് മത്തായി. 20: 1-16 വരെയുള്ള വചനങ്ങൾ. കാരണം ഈ ഉപമ അവസാനിപ്പിച്ചുകൊണ്ട് 20:16ൽ യേശു പറയുന്നത് അതുതന്നെയാണ്. ഇവിടെ ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം 19-ാം അദ്ധ്യായത്തിൽ പത്രോസ് യേശുവിനോട് ചോദിച്ച 'എല്ലാം ഉപേക്ഷിച്ച തങ്ങൾക്ക് എന്താണ് ലഭിക്കുക' എന്ന ചോദ്യത്തിന്റെ മറുപടി കൂടിയാണ് ഈ ഉപമ എന്നതാണ്. അതായത് പ്രതിഫലം പ്രതീക്ഷിച്ച് യേശുവിന്റെ കൂടെ കൂടിയിട്ടുള്ളവർക്ക് അവരുടെ ധാരണയെ തിരുത്തുക എന്ന ഉദ്ദേശവും യേശുവിനുണ്ട്.

മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ എന്ന ഈ ഉപമയിൽ അഞ്ച് സന്ദർഭങ്ങളിൽ മുന്തിരിത്തോട്ടത്തിൽ ജോലിക്കിറങ്ങുന്നവരെ നാം കാണുന്നു. അതായത് അതിരാവിലെ, മൂന്നാം മണിക്കൂറിൽ, ആറാം മണിക്കൂറിൽ, ഒമ്പതാംമണിക്കൂറിൽ, പിന്നെ പതിനൊന്നാം മണിക്കൂറിൽ അതായത് പിരിഞ്ഞുപോകുന്നതിന് ഒരു മണിക്കൂർ മാത്രം മുമ്പ്. ഇതിൽ ആദ്യത്തെ ഗണം വ്യക്തമായ ഒരു കരാറിൽ ഏർപ്പെട്ട് ജോലിക്കിറങ്ങിയവരാണ്. അതായത് 12 മണിക്കൂർ ജോലി, ഒരു ദനാറ വേതനം. പിന്നീടുള്ള മൂന്നു ഗണങ്ങളും അതുപോലെതന്നെ ഒരു വ്യവസ്ഥയിൽ ജോലിക്കിറങ്ങിയവരാണ് എന്നുവച്ചാൽ ന്യായമായ വേതനം. അവസാനത്തെ മണിക്കൂറുകാരാവട്ടെ, അവരുമായി ഉടമസ്ഥൻ കരാറിൽ ഏർപ്പെടുന്നില്ല എന്നത് ശ്രദ്ധേയമാണ്. നിങ്ങളും മുന്തിരിത്തോട്ടത്തിലേക്ക് ചെല്ലുവിൻ എന്നുമാത്രമാണ് ഇവിടെ പറയുത്.

ആദ്യത്തെ നാലുഗണങ്ങളും ഉടമ്പടിപ്രകാരവും അവസാനത്തെ ഗണമാകട്ടെ വ്യവസ്ഥയില്ലാതെയും ജോലിക്കിറങ്ങിയവരാണ് എന്നു ചുരുക്കം. ഇത് പഴയനിയമത്തെയും പുതിയ നിയമത്തെയും പ്രതിനിധാനം ചെയ്യുന്നു എന്ന് മനസ്സിലാക്കണം. നിങ്ങൾ ഇന്ന ഇന്ന കാര്യങ്ങൾ ചെയ്താൽ നിങ്ങൾക്ക് ഇന്ന ഇന്ന കാര്യങ്ങൾ ലഭിക്കും എന്നതാണ് പഴയനിയമം. പുതിയനിയമമാവട്ടെ വ്യവസ്ഥയില്ലാതെ വാരിക്കോരി നൽകുന്നതും. നമ്മൾ യേശുവിനെ ആരാധിക്കുന്നത് പള്ളിയിൽ പോകുന്നത് കുർബാനയിൽ പങ്കെടുക്കുന്നത്, നന്മ ചെയ്യുന്നത്, ഉപവസിക്കുന്നത്, പ്രാർത്ഥിക്കുന്നത്, പെരുനാൾ നടത്തുന്നത് എന്നിങ്ങനെ ദൈവത്തിനുവേണ്ടി എന്നവണ്ണം ചെയ്യുന്നതെന്തും പ്രതിഫലം പ്രതീക്ഷിച്ചാകുമ്പോൾ നാം വ്യവസ്ഥ വക്കുന്നവരാകുന്നു അഥവാ പഴയനിയമകാലഘട്ടത്തിലുള്ളവരെപ്പോലെയാകുന്നു. ഒന്നും പ്രതീക്ഷിക്കാതെ യേശുവിന്റെ പിന്നാലെ കൂടുന്നവരാണ് പുതിയ നിയമത്തിലെ ദൈവാരാധകർ. അതായത് പഴയനിയമക്കാർക്ക് കിട്ടുന്നത് വ്യവസ്ഥവച്ചുള്ള അനുഗ്രഹങ്ങൾ, പുതിയ നിയമക്കാർക്കൊ പരിധിയില്ലാത്ത അനുഗ്രഹങ്ങൾ.

പത്രോസിനോട് യേശു പറയുന്ന നൂറിരട്ടി ഇവിടെയാണ് അർത്ഥവത്താകുന്നത്. യേശുവിനുവേണ്ടി യാതൊരു വ്യവസ്ഥയില്ലാതെ ഭവനത്തെയോ സഹോദന്മാരെയോ സഹോദരിമാരെയോ പിതാവിനെയോ മാതാവിനെയോ മക്കളെയോ വയലുകളെയോ ഉപേക്ഷിച്ചാൽ കിട്ടുന്ന നൂറിരട്ടി. എന്തെങ്കിലും കിട്ടുമെന്നുള്ള ഉപാധിയിൽ യേശുവിനെ അനുഗമിക്കുന്നതിലെ തെറ്റ് യേശു ഈ ഉപമയിലൂടെ തിരുത്തുകയാണ്. യേശുവിനോടുള്ള സ്നേഹത്തെപ്രതിയായിരിക്കണം നാം എന്തും ചെയ്യുന്നത്. ഒരു മണിക്കൂർ മാത്രം മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്തവർ നാളെ ഉടമസ്ഥൻ വിളിച്ചാൽ ഉത്സാഹത്തോടെ പോകും എന്ന കാര്യം തീർച്ചയാണ്. കാരണം അവർ ഉടമസ്ഥന്റെ ഔദാര്യം ആവോളം അനുഭവിച്ചവരാണ്. യേശു നമ്മോട് കാണിച്ച കാരുണ്യം ആവോളം അനുഭവിച്ചവർ എന്ന നിലയിൽ അവനുവേണ്ടി എന്തും ചെയ്യാൻ തയ്യാറായി അവന്റെ പിന്നാലെ കൂടുന്നവർക്കുള്ളതാണ് സ്വർഗ്ഗരാജ്യം.

നെല്ലും പതിരും തിരിച്ചറിയാനാവാതെ
നവമാധ്യമ ലോകത്ത്
കുടുങ്ങിപ്പോയവർക്ക് വിടുതൽ

ഇടവക നവീകരണത്തിന്

# വചനോത്സവ ധ്യാനം

സത്യം നിങ്ങളെ സ്വതന്ത്രരാക്കും (യോഹ. 8 : 32)



## നയിക്കുന്നത്



ഫാ. ജേക്കബ്
കാട്ടിപറമ്പിൽ വി സി



ഫാ. ഷിന്റോ
മംഗലത്ത് വി സി



ഫാ. ജോസഫ്
കൈപ്പടകുന്നേൽ വി സി



ഫാ. പ്രിൻസ്
മാഞ്ഞൂരാൻ വി സി

നാം ഇനിമേൽ തെറ്റിന്റെ വഞ്ചനയിൽപ്പെടുത്താൻ മനുഷ്യർ കൗശല പൂർവം നൽകുന്ന വക്രതയാർന്ന ഉപദേശങ്ങളുടെ കാറ്റിൽ ആടിയുലയുകയും തൂത്തെറിയപ്പെടുകയും ചെയ്യുന്ന ശിശുക്കളാകരുത് (എഫേസോസ് 4 : 14)

കുടുംബ ബന്ധങ്ങളെ വിമലീകരിക്കുന്ന പ്രബോധനങ്ങൾ.
പുതു തലമുറയെ ദൈവാരാധനക്കൊരുക്കുന്ന ശുശ്രൂഷകൾ.
ഇടവക സമൂഹത്തെ ആത്മാവിൽ ജ്വലിപ്പിക്കുന്ന ആരാധനകൾ

ധ്യാനം ബുക്ക് ചെയ്യാൻ : 9495148484, 7034885003



# തേൻമൊഴി

അങ്ങയുടെ വാക്കുകൾ എന്റെ നാവിന് തേനിനേക്കാൾ മധുരമാണ് സങ്കീർത്തനങ്ങൾ 119:103

ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.

# ദൈവനാമം രാജ്യം ഹിതം

യേശു പഠിപ്പിച്ച പ്രാർത്ഥനയിലെ അഭിസംബോധനക്ക് ശേഷമുള്ള ആദ്യഭാഗം പരിശോധനാ വിഷയമാക്കാം. മാനവരെല്ലാം ഒരേയൊരു ദൈവത്തിന്റെ മക്കളാണെന്ന തിരിച്ചറിവിൽ, ആരൊക്കെ ഏതൊക്കെ പേരിൽ വിളിച്ചാലും കേൾക്കാൻ ഒരു ദൈവമേയുള്ളൂ എന്നു മനസ്സിലാക്കി, ആ ദൈവത്തോട് ചോദിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട മൂന്നു കാര്യങ്ങളാണ് പ്രാർത്ഥനയുടെ ആദ്യഭാഗം. ഇവിടെയാണ് യേശു തന്റെ തന്ത്രം ഒളിപ്പിച്ചുവച്ചിരിക്കുന്നത് എന്നു കാണാം, അതായത് ഈ മൂന്നു കാര്യങ്ങളും മനുഷ്യനുമായി ബന്ധപ്പെട്ടതല്ല, പിന്നെയോ ദൈവവുമായി ബന്ധപ്പെട്ടവയാണ്. മനുഷ്യനെക്കൊണ്ട് ദൈവത്തിന്റെ ആവശ്യം ചോദിക്കാൻ പഠിപ്പിക്കുകയാണിവിടെ, എന്നുവച്ചാൽ മനുഷ്യൻ ദൈവത്തോട് ചോദിക്കേണ്ടവയുടെ മുൻഗണനാക്രമം ഇവിടെ നിശ്ചയിക്കപ്പെടുന്നു.

'അങ്ങയുടെ നാമം പൂജിതമാകണമേ' എന്നതായിരിക്കണം ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം, അതായത് ദൈവനാമ മഹത്ത്വത്തിനുവേണ്ടിയാണ് ഒരുവൻ ജീവിക്കേണ്ടതുതന്നെ. 'ആകയാൽ, ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു. ഇത്, യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകൾ മടക്കുന്നതിനും, യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി എല്ലാ നാവുകളും ഏറ്റുപറയുന്നതിനുംവേണ്ടിയാണ്' (ഫിലിപ്പി 2:9-11) എന്ന കാര്യം മറക്കരുത്. 'ആകാശത്തിനു കീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല' (അപ്പ. പ്ര 4 : 12)എന്ന് പറയാനുള്ള ധൈര്യമാണ് ഒരുവൻ ദൈവത്തോട് ചോദിക്കേണ്ട പ്രധാനപ്പെട്ട കാര്യം. കാരണം ഇത് രക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നു. 'ആകയാൽ, യേശു കർത്താവാണ് എന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്നു ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷ പ്രാപിക്കും' (റോമാ 10 : 9). 'മനുഷ്യരുടെമുമ്പിൽ എന്നെ ഏറ്റുപറയുന്നവനെ എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും ഏറ്റുപറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെ എന്റെ സ്വർഗസ്ഥനായ പിതാവിന്റെ മുമ്പിൽ ഞാനും തള്ളിപ്പറയും' (മത്താ10:32-33) എന്ന് യേശു തന്നെ പറഞ്ഞിട്ടുണ്ടല്ലോ. ക്രിസ്തുവിൽ വിശ്വസിക്കുകയും യേശുവിന് പേരുദോഷം വരുത്തുകയും ചെയ്യുന്നവർക്കുള്ളതല്ല ഈ പ്രാർത്ഥന.

രണ്ടാമത്തെ ആവശ്യമായി യേശു പഠിപ്പിക്കുന്നത് 'അങ്ങയുടെ രാജ്യം വരണമേ' എന്നാണ്. ദൈവരാജ്യം ഭൂമിയിൽ വരണം എന്നുപറഞ്ഞാൽ ദൈവഭരണം ഇവിടെ സംജാതമാകണം എന്നർത്ഥം. ദൈവരാജ്യത്തിന്റെ നീതി ഭൂമിയിലെ ഓരോ മനുഷ്യനും ലഭിക്കാനിടയാകണം, അവിടെ ഭ്രൂണഹത്യയോ തൂക്കിക്കൊല്ലലോ ഒന്നും നിയമാനുസൃതമാവാൻ തരമില്ല, ദാരിദ്ര്യമോ പട്ടിണിമരണമോ നിലനിൽക്കാനിടയില്ല, യുദ്ധമോ ലഹരിയോ ആലോചനാവിഷയം പോലുമാവില്ല, അഴിമതിയോ നീതിനിഷേധമോ അതിന്റെ ഭാഗമേയല്ല. ജാതിയോ മതമോ, ദേശമോ ഭാഷയോ, വർഗ്ഗമോ വർണ്ണമോ, സ്ഥാനമോ മാനമോ മനുഷ്യനെ വേർതിരിക്കുന്ന ഘടകങ്ങളല്ലവിടെ. 'മനുഷ്യരെല്ലാരുമൊന്നുപോലെ' എന്ന മലയാളികളുടെ ഓണസങ്കല്പത്തോട് ചേർന്നുപോകുന്ന ഒന്നാണത്. സനാതന ധർമ്മത്തിന്റെ പരിണിതഫലമായ ചാതുർവർണ്യത്തിന്റെ ഇരകളാക്കപ്പെട്ട മനുഷ്യരുടെ നാടല്ലത്. ഇങ്ങനെയൊരു നാടിനായി നിലപാടെടുക്കാനുള്ള ശക്തിക്കുവേണ്ടിയായിരിക്കണം രണ്ടാമത്തെ ആവശ്യമെന്ന് മനസ്സിലാക്കാം.

മൂന്നാമത്തെ ആവശ്യമാകട്ടെ 'അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ' എന്നതാണല്ലോ. പലപ്പോഴും നമ്മുടെ ഇഷ്ടങ്ങൾ ദൈവത്തെ അറിയിക്കലാണല്ലോ പ്രാർത്ഥനയായി കണക്കാക്കുന്നത്, എന്നാൽ ഒരുവൻ തന്റെ ഇഷ്ടം നടപ്പാക്കുന്നതിലൂടെ ദൈവത്തിന്റെ ഏതോ ഇഷ്ടം മുടങ്ങിപ്പോയി ഈ ഭൂമിയിൽ പ്രതിസന്ധിയുണ്ടായാലോ എന്ന ഭയത്താൽ സ്വന്തയിഷ്ടം നടപ്പാകരുതേ എന്ന നിലപാടുള്ളവർക്കുള്ളതാണിത്.'സ്വന്തം ജീവൻ കണ്ടെത്തുന്നവൻ അതു നഷ്ടപ്പെടുത്തും. എന്നെ പ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അതു കണ്ടെത്തും'(മത്താ 10 : 39) സ്വന്തം ഇഷ്ടം പരിത്യജിച്ച് ദൈവത്തിന്റെ ഇഷ്ടം തിരിച്ചറിഞ്ഞ് അതു നടപ്പാക്കാനുള്ള ഇഛാശക്തിക്കായിട്ടാണ് ഇവിടെ പ്രാർത്ഥിക്കുന്നത്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായി നാം കേട്ടിട്ടുള്ളത് ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിങ്ങനെ മൂന്ന് കാര്യങ്ങളാണ്, എന്നാൽ യേശു പഠിപ്പിച്ച പ്രാർത്ഥനയിൽ അവ ദൈവനാമം, ദൈവരാജ്യം, ദൈവഹിതം എന്നിവയാണ്. ചുരുക്കത്തിൽ ജീവിതത്തിന്റെ പ്രധാന സ്ഥാനങ്ങളെല്ലാം ദൈവത്തിനായി മാറ്റിവക്കാൻ ഒരുവനെ പ്രാപ്തനാക്കുക എന്നതാണ് യേശു പഠിപ്പിച്ച പ്രാർത്ഥനയുടെ ആദ്യ ഭാഗത്തിലൂടെ ലക്ഷ്യം വക്കുന്നത്. അങ്ങനെയുള്ള ഒരാൾക്കു മാത്രമേ തുടർന്നുള്ള ഭാഗത്തേക്ക് കടക്കാനുമാവൂ.

## ഉപ്പിലിട്ടത്

*ബുദ്ധിയെ അടിയറവു വക്കാലല്ല*
*അത് ദൈവം തന്നതാണെന്നും*
*ദൈവത്തിനു വേണ്ടിയാണെന്നുമുള്ള തിരിച്ചറിവാണ് മതം*

## സാക്ഷ്യങ്ങൾ അയക്കുമ്പോൾ

ഫോട്ടോ, പൂർണ്ണവിലാസം, തെളിവുകൾ, ഫോൺ നമ്പർ എന്നിവ ഉണ്ടായിരിക്കണം. പ്രസിദ്ധീകരിക്കാൻ പണമടയ്ക്കേണ്ടതില്ല. എന്നാൽ വചനോത്സവം ശുശ്രൂഷയെ സാമ്പത്തികമായി സഹായിച്ചോ, വചനോത്സവം വാങ്ങി വിതരണം ചെയ്തോ കൃതജ്ഞത അർപ്പിക്കാവുന്നതാണ്. ഇവിടെ ലഭിക്കുന്ന സാക്ഷ്യങ്ങൾ നിരവധിയാണ്, എല്ലാം പ്രസിദ്ധീകരിക്കുമെന്ന് പ്രതീക്ഷിക്കരുത്. സാക്ഷ്യം അയക്കുമ്പോൾ പ്രതിജ്ഞ നിറവേറ്റപ്പെട്ടതായി കണക്കാക്കണം.

അയയ്ക്കേണ്ട വിലാസം – എഡിറ്റർ, വചനോത്സവം, പോട്ട – 680 722, ചാലക്കുടി

**ഈ മാസിക വായിച്ചതിനുശേഷം മറ്റൊരു വ്യക്തിക്കോ, കുടുംബത്തിനോ നല്കി വചനോത്സവം പ്രേഷിതരാവുക.**



മനുഷ്യരുടെ മുമ്പിൽ എന്നെ
ഏറ്റുപറയുന്നവനെ എന്റെ
സ്വർഗസ്ഥനായ
പിതാവിന്റെ മുമ്പിൽ ഞാനും
ഏറ്റുപറയും (മത്താ 10 : 32)

# വചനോത്സവം
# ജില്ലാതല പ്രേഷിത സംഗമം 2026

**യേശുവിൽ പ്രിയ സഹോദരങ്ങളേ, വചനോത്സവം ജില്ലാതല സംഗമത്തിലേക്ക് എല്ലാ വചനോത്സവം പ്രേഷിതരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ദൈവം വചനോത്സവത്തിലൂടെ കഴിഞ്ഞ കാലങ്ങളിൽ നല്കിയ അനുഗ്രഹങ്ങൾക്ക് നമുക്കൊരുമിച്ച് നന്ദിപറയുകയും ഭാവിശുശ്രൂഷകളെ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്യാം. പങ്കെടുക്കുന്നവർ 9447696622 എന്ന ഓഫീസ് നമ്പറിലോ, ജില്ലാ കോ-ഓർഡിനേറ്റർമാരെയോ അറിയിക്കേണ്ടതാണ്. വചനോത്സവം ബുക്ക് ചെയ്യാനും വരിസംഖ്യ അടയ്ക്കാനും കുടിശ്ശിക തീർക്കാനുമുള്ള സൗകര്യം ഉണ്ടായിരിക്കും. നിങ്ങളുടെ അറിവിലും പരിചയത്തിലുമുള്ള മറ്റ് പ്രേഷിതരേയും പുതിയ പ്രേഷിതരാകുവാൻ താൽപര്യമുള്ളവരെയും സംഗമത്തിലേക്ക് കൂട്ടികൊണ്ടു വരണമെന്ന് അപേക്ഷിക്കുന്നു.**

**സ്നേഹപൂർവ്വം, ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി. സി., ചീഫ് എഡിറ്റർ, വചനോത്സവം**

| ജില്ല | തീയതി | സ്ഥലം | വിശദവിവരങ്ങൾക്ക് |
|---|---|---|---|
| ഇടുക്കി, കട്ടപ്പന | സെപ്റ്റം. 5 | കൃപാലയ ധ്യാനകേന്ദ്രം, കട്ടപ്പന | പ്രേംദാസ് 9495194028 |
| ഇടുക്കി, തൊടുപുഴ | സെപ്റ്റം.6 | ഡിപോൾ സ്കൂൾ തൊടുപുഴ | മറിയക്കുട്ടി 8281995101 |
| പാലക്കാട് | സെപ്റ്റം.13 | CMC പ്രോവിൻഷ്യൽ ഹൗസ്, (KSRTC സ്റ്റാന്റിനു സമീപം) | തോമസ് 6238207362 |
| എറണാകുളം | സെപ്റ്റം 19 | വിൻസെൻഷ്യൻ ജനറലേറ്റ്, ഇടപ്പള്ളി | സേവ്യർ 9447253254 |
| തൃശൂർ | സെപ്റ്റം.26 | വചനോത്സവം സെന്റർ, പോട്ട | സൈമൺ 9388424718 |

**സംഗമം രാവിലെ 9.30ന് ആരംഭിച്ച് ഉച്ചയ്ക്ക് 1 മണിക്ക് ഭക്ഷണത്തോടെ അവസാനിക്കുന്നതാണ്**

നിന്റെ ജീവിതം കർത്താവിന് ദരമേൽപ്പിക്കുക; കർത്താവിൽ വിശ്വാസമർപ്പിക്കുക. അവിടുന്ന് നോക്കിക്കൊള്ളും (സങ്കീ.37:5).



എന്റെ അലർജി രോഗം മാറിയാൽ ദൈവനാമ മഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി രോഗം മാറ്റി ദൈവം അനുഗ്രഹിച്ചു. ഈശോയ്ക്കും പരിശുദ്ധാത്മാവിനും നന്ദി അർപ്പിക്കുന്നു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

സിസിലി ജോണി, ഇരിഞ്ഞാലക്കുട



എന്റെ കൊച്ചുമകൻ ആരോണിന് പത്താംക്ലാസ് ഐ.സി.എസ് ഇ പരീക്ഷയിൽ ഉന്നതവിജയം നേടിയാൽ ദൈവമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി ഉന്നതവിജയം നല്കി അനുഗ്രഹിച്ചു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

സിസിലി ജോണി, ഇരിഞ്ഞാലക്കുട



എന്റെ മകന്റെ വിവാഹം കഴിഞ്ഞ് മൂന്നു വർഷം ആയിട്ടും കുഞ്ഞുങ്ങളുണ്ടായില്ല. ദൈവമഹത്ത്വത്തിനായി സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് ഈശോയോടും പരിശുദ്ധാത്മാവിനോടും പരിശുദ്ധ അമ്മയോടും ശക്തമായി പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ ഫലമായി ഒരു കുഞ്ഞിനെ നല്കി ദൈവം അനുഗ്രഹിച്ചു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

ടോംസി ജോസഫ്, കോട്ടയം



എന്റെ കൊച്ചുമകനു വേണ്ടിയാണ് ഞാൻ ഈ സാക്ഷ്യം എഴുതുന്നത്. കുഞ്ഞിന്റെ പേര് ഡാൻ ക്രിസ്റ്റിൻ വിബിൻ. കുഞ്ഞ് ജനിച്ച് ഒരാഴ്ച കഴിഞ്ഞപ്പോൾ ദേഹത്ത് വെളുത്ത പാടുകൾ കണ്ടു. ഡോക്ടറെ കാണിച്ചു. പ്രത്യേകമായി ഇതിന് ചികിത്സ ഇല്ലെന്നാണ് ഡോക്ടർ പറഞ്ഞത്. പരിശുദ്ധ അമ്മയോടും ഈശോയോടും മാദ്ധ്യസ്ഥം തേടി പ്രാർത്ഥിച്ചു. കുട്ടി സുഖം പ്രാപിച്ചാൽ ദൈവനാമമഹത്ത്വത്തിനായി വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് പ്രാർത്ഥിച്ചിരുന്നു. ഇപ്പോൾ അവന് അഞ്ച് വയസ്സായി. പാടുകൾ മാറി സുഖംപ്രാപിച്ചു. യേശുവേ, നന്ദി. യേശുവേ, സ്തോത്രം.

റോസിലി വിൽസൻ, വെസ്റ്റ് ചാലക്കുടി



എന്റെ കണ്ണിന് നല്ല കാഴ്ച ഉണ്ടായിരുന്നു. പെട്ടെന്ന് കാഴ്ച മങ്ങി. പോട്ട ആശ്രമത്തിൽ വന്ന് കരഞ്ഞ് പ്രാർത്ഥിച്ചു. വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ചു. പ്രാർത്ഥനയുടെ ഫലമായി കാഴ്ച തിരികെ കിട്ടി. യേശുവേ, നന്ദി. എന്റെ കൊച്ചുമകൾ വായ് തുറക്കുമ്പോൾ താടിയെല്ലിന്റെ അടുത്ത് ഒരു പിടുത്തവും വായ് കൂട്ടാൻ ബുദ്ധിമുട്ടും ഉണ്ടായിരുന്നു. വചനോത്സവത്തിൽ സാക്ഷ്യപ്പെടുത്താമെന്ന് നിശ്ചയിച്ച് പ്രാർത്ഥിച്ചപ്പോൾ വായ് കൂട്ടാനുള്ള ബുദ്ധിമുട്ടും പിടുത്തവും ഈശോ മാറ്റിക്കൊടുത്തു. യേശുവേ, നന്ദി.

ത്രേസ്യ ജോർജ്, കൊമ്പിടി



**വചനോത്സവം കുടുംബത്തിന്റെ ആദരാഞ്ജലികൾ**

അമ്മിണി ജോർജ് കാഞ്ഞൂക്കാരൻ
സെന്റ് ജൂഡ് തദ്ദേവൂസ് ചർച്ച്, ഉണിച്ചിറ, ഇടപ്പള്ളി



# ബാലവചനോത്സവം



അനു ഫ്രാൻസിസ്



# കുട്ടികളുടെ കൂട്ടുകാരൻ

കുട്ടികളെ ചെറുപ്പം മുതൽ തന്നെ ഈശോയുമായിനല്ലൊരു ബന്ധം ഉണ്ടാക്കാൻ നമ്മൾ സഹായിക്കണം. മാതാപിതാക്കൾ തന്നെയാണ് കുട്ടികളുടെ ആദ്യത്തെ role models ആകേണ്ടത്, പ്രാർത്ഥനയിൽ, ക്ഷമയിൽ, പാവപ്പെട്ടവരെ സഹായിക്കുന്നതിൽ, അങ്ങനെ എല്ലാറ്റിലും. നമ്മുടെ ചെറിയൊരു പ്രവൃത്തിപോലും കുട്ടികളുടെ മനസ്സിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കും. ചിലപ്പോഴൊക്കെ അവർ അത് ഉടൻ തിരിച്ചറിയുകയോ പറയുകയോ ചെയ്യാതിരുന്നാലും, സമയം കടന്നുപോകുന്തോറും അത് അവരുടെ ജീവിതത്തിന്റെ ഭാഗമാകും.

ഒരു ദിവസം ഞാനും എന്റെ മോളും തമ്മിൽ ഒരു ചെറിയ വഴക്ക് നടന്നു. അവൾ എന്നോടു സംസാരിക്കാതെ പോയി ഉറങ്ങി. അടുത്ത ദിവസം രാവിലെ അവൾ വന്ന് എന്നോട് സോറി പറഞ്ഞു. പിന്നെ അവൾ പറഞ്ഞു: അമ്മേ, ഇന്നലെ എന്റെ പേഴ്സണൽ പ്രാർത്ഥനയുടെ സമയത്ത് ഞാൻ ഈശോയോട് സോറി ചോദിച്ചിരുന്നു. അത് കേട്ടപ്പോൾ എനിക്ക് വളരെ അധികം സന്തോഷം തോന്നി. ഞാൻ ഒന്നും പറഞ്ഞു പഠിപ്പിക്കാതിരുന്നിട്ടും, അമ്മയോടു വഴക്കിട്ടത് ഈശോയെ വിഷമിപ്പിച്ചിരിക്കാമെന്ന ചിന്ത അവളുടെ ഉള്ളിൽ ഉണ്ടായല്ലോ..

ഞാൻ എപ്പോഴും പ്രാർത്ഥിക്കുന്ന ഒരു കാര്യമുണ്ട്, എന്റെ കുട്ടികൾ വലിയ പദവികളിലെത്തണമെന്നോ വലിയ ജോലികൾ നേടണമെന്നോ അല്ല, മറിച്ച് എന്റെ ഈശോയെ സ്നേഹിക്കുന്ന കുട്ടികളായി വളർന്നാൽ മതി. ഈശോയെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്ന കുട്ടികൾ

ഒരിക്കലും നശിച്ചു പോകില്ല എന്ന ആത്മവിശ്വാസം എനിക്കുണ്ട്.

ചിലപ്പോൾ കുട്ടികൾക്ക് മനസ്സിലാകാൻ ചെറിയ ഉപമകൾ ഉപയോഗിക്കുന്നതിൽ തെറ്റില്ല. ഞാൻ എന്റെ കുട്ടികളോടു പറയാറുണ്ട്: സ്വർഗ്ഗത്തിൽ ഓരോരുത്തർക്കും സ്വന്തം ഒരു അലമാര ഉണ്ടാകും. നീ ഒരു നല്ല കാര്യം ചെയ്യുമ്പോൾ ഈശോ അതിൽ ഒരു പുതിയ കളിപ്പാട്ടം വെക്കും. കുട്ടികളോട് പറയാം, ഈശോ ഒരു നല്ല സുഹൃത്താണെന്ന്. സന്തോഷങ്ങളും സങ്കടങ്ങളും, കരച്ചിലുകളും പിണക്കങ്ങളും എല്ലാം പങ്കുവയ്ക്കാൻ ഉള്ള ഏറ്റവും നല്ല കൂട്ടുകാരൻ. പതുക്കെ പതുക്കെ കുട്ടികൾ ഈശോയെ ഒരു സുഹൃത്തായി കാണാൻ തുടങ്ങും. ചെറിയ കാര്യങ്ങൾക്കു പോലും ഈശോയോട് നന്ദി പറയാൻ അവരെ പഠിപ്പിക്കണം. മറ്റുള്ളവരെ സ്നേഹിക്കാനും ക്ഷമിക്കാനും നമുക്കുതന്നെ ആദ്യം ഒരു മാതൃക ആകാം. ഒരിക്കൽ ഈശോയുടെ സ്നേഹം അവർ അനുഭവിച്ചാൽ, അവരുടെ ജീവിതം മാറിമറിയും.

ഇനി വരുന്ന തലമുറ, ഇന്നത്തെ തലമുറയെക്കാളും കൂടുതൽ വിശ്വാസമുള്ള ഒരു തലമുറയായി വളരാൻ നമുക്ക് പ്രാർത്ഥിക്കാം.

എല്ലാ കുഞ്ഞുങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ.

## വചനോത്സവശുശ്രൂഷയിലൂടെ

**യേശുവിനെ അറിയാത്ത മിഷൻ പ്രദേശങ്ങളിൽ പ്രേഷിതരാകുവാൻ...**
**നിങ്ങളുടെ ഇടവകയിലും കുടുംബയൂണിറ്റുകളിലും**
**സംഘടനകളിലും യേശുവിന്റെ സാക്ഷികളാകുവാൻ...**
**ഹോസ്പിറ്റലുകളിലും ജയിലുകളിലും ലൈബ്രറികളിലും**
**വിശ്രമകേന്ദ്രങ്ങളിലും ദൈവവചന പ്രഘോഷകരാകുവാൻ...**
**ഒരു മാസികയെങ്കിലും സ്പോൺസർ ചെയ്യാൻ പരിശുദ്ധാത്മാവ്**
**പ്രേരിപ്പിക്കുന്നവർ ഇന്ന് തന്നെ ബന്ധപ്പെടുക :**

SCAN TO SUPPORT

☎ 9447696622

## വിൻസെൻഷ്യൻ ധ്യാനകേന്ദ്രങ്ങളിലെ ശുശ്രൂഷകൾ

### ഡിവൈൻ ധ്യാനകേന്ദ്രം മുരിങ്ങൂർ
ഫോൺ: 0480 2708413.2708513, 7560958453
മലയാളം ധ്യാനം എല്ലാ ഞായറാഴ്ചകളിലും
ഉച്ചയ്ക്ക് 2 മണി മുതൽ വെള്ളിയാഴ്ച രാവിലെ വരെ.

### പോട്ട ആശ്രമം
ഫോൺ: 0480 2709324, 2708714, 9947853010
ആഗസ്റ്റ് 9-13; 23-27 ആന്തരികസൗഖ്യധ്യാനം
എല്ലാ ദിവസവും ഏകദിന ധ്യാനം
രാവിലെ 9 മുതൽ ഒരുമണിവരെ

### പരിത്രാണ ധ്യാനകേന്ദ്രം, അടിച്ചിറ, കോട്ടയം
ഫോൺ: 0481-2791635,9946470293
ആഗസ്റ്റ് 4 ജെറിക്കോ പ്രാർത്ഥന,
ആഗസ്റ്റ് 14-16 ആന്തരികസൗഖ്യ ധ്യാനം
ആഗസ്റ്റ് 28-30 ആത്മവിശുദ്ധീകരണധ്യാനം

### കൃപാലയ ധ്യാനകേന്ദ്രം,കട്ടപ്പന
ഫോൺ: 9562385575, 9745335575
എല്ലാ മാസവും ഒന്നാം ചൊവ്വാഴ്ച ജറീക്കോ പ്രാർത്ഥന
ആഗസ്റ്റ് 7-10 ദിവ്യകാരുണ്യാനുഭവ ആന്തരികസൗഖ്യ ധ്യാനം

### ജൂബിലി ധ്യാനകേന്ദ്രം, പുതുപ്പാടി, കോഴിക്കോട്
ഫോൺ: 9961805660, 9633141220
എല്ലാ ചൊവ്വാഴ്ചകളിലും 9 am മുതൽ 2 pm വരെ
കരുണാഭിഷേക ബൈബിൾ കൺവെൻഷൻ

### ഡീപോൾ, ധ്യാനാലയം, മീനങ്ങാടി, വയനാട്
ഫോൺ: 7034791022, 8289909951
ആഗസ്റ്റ് 7,8,9 ആന്തരികസൗഖ്യ വിടുതൽ ശുശ്രൂഷാധ്യാനം
എല്ലാ മാസവും രണ്ടാം ശനിയുൾപ്പെടെ വെള്ളി, ശനി,
ഞായർ ധ്യാനമുണ്ടായിരിക്കും
എല്ലാ ചൊവ്വാഴ്ചയും ഏകദിന ധ്യാനം 9am-1 pm

### ഡിപോൾ ധ്യാനകേന്ദ്രം നിലമ്പൂർ ഫോൺ: 9135000043
എല്ലാ വെള്ളിയാഴ്ചകളിലും വചനപ്രഘോഷണവും
സൗഖ്യാരാധനയും (9 am to 1 pm)

### ഡിവൈൻ ഡി പോൾ റിട്രീറ്റ് സെന്റർ, തോട്ടകം, വൈക്കം
ഫോൺ: 9447774477
ആഗസ്റ്റ് 7-9; 21-23 ആന്തരികസൗഖ്യ ധ്യാനം
ഏകദിന ധ്യാനശുശ്രൂഷ എല്ലാ വെള്ളിയാഴ്ചകളിലും(9.30 am to 2.30 pm)

### ഏഫാത്താ വിൻസെൻഷ്യൻ പ്രാർത്ഥനാലയം രാമല്ലൂർ, കോതമംഗലം ഫോൺ: 9074594014
ഏകദിന സായാഹ്ന ബൈബിൾ കൺവെൻഷൻ
എല്ലാ ബുധനാഴ്ചകളിലും 4 PM മുതൽ - 8 PM വരെ.
അഖണ്ഡജപമാലയും ജെറീക്കോ പ്രാർത്ഥനയും
മാസാദ്യ ബുധനാഴ്ച: 9 AM മുതൽ - 8 PM വരെ.
പകൽ ആരാധനയും നിയോഗ പ്രാർത്ഥനയും
എല്ലാ വ്യാഴാഴ്ചകളിലും 2.30 PM മുതൽ -4 PM വരെ.


# SAINT MAXIMILIAN KOLBE

## A MAN OF LOVE AND SACRIFICE






**1**




I was born on January 8, 1894 in Poland. From a young age, I loved Mary very much and wanted to serve God.

**2**



I joined the Franciscan Order and took the name Maximilian. I wanted to be a priest and help others.

**3**




I started a magazine called "Rycerz Niepokalanej" (Knight of the Immaculata) to tell people about Mary's love.

**4**




I founded "Militia Immaculatae" – an army of Mary. I encouraged many people to pray, be good and spread God's love.

**5**




During World War II, I was arrested by the Nazis and taken to a prison camp in Poland.

**6**





One day, a man was chosen to die as punishment. He cried because he had a family. I asked to take his place.

**7**





In the dark cell, I prayed and encouraged others to trust in God. I sang songs and kept everyone's hope alive.

**8**





After two weeks without food or water, I was taken out and given an injection that ended my life on August 14, 1941. I offered my life for love.

**9**



Saint Maximilian Kolbe shows us that true love means thinking of others before ourselves. He chose love even in the face of death.

**10**



"Never be afraid of loving the Blessed Virgin too much. You can never love Her more than Jesus did."
– St. Maximilian Kolbe

**Feast Day :** August 14 **Patron for :** Families, Prisoners, Drug Addicts, Journalists

# ധ്യാനകേന്ദ്രങ്ങളിലെ ശുശ്രൂഷകൾ

### ജോർദ്ദാനിയ ധ്യാനമന്ദിരം,നെടുപുഴ,തൃശൂർ
ഫോൺ: 9656512686

ആഗസ്റ്റ് 2-6 ; 23-27 ആന്തരികസൗഖ്യധ്യാനം

### ആബാ ധ്യാനകേന്ദ്രം, ചേറൂർ, തൃശൂർ അതിരൂപത
ഫോൺ: 9544408833

### ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് മുളയം, തൃശൂർ
ഫോൺ: 9744442592, 9497824488

എല്ലാമാസവും ഒന്നാം തീയതി മുതൽ 9 -ാം തീയതിവരെ ലഹരി വിമോചന ക്യാമ്പ് (Family Wellness Programme)

### മറിയം ത്രേസ്യ ഫാമിലി റിന്യൂവൽ സെന്റർ, കുഴിക്കാട്ടുശേരി
ഫോൺ: 0480-2787024, 9400437179, 9400437179

ആഗസ്റ്റ് 7-11 ദമ്പതിധ്യാനം; ആഗസ്റ്റ് 21-25 ദമ്പതിധ്യാനം

### ഗ്രേയ്സ് ഓഫ് ഹെവൻ ധ്യാനകേന്ദ്രം, കുണ്ടുകാട്, തൃശൂർ
ഫോൺ: 8301914737, 8301914649

ഏകദിന ബൈബിൾ കൺവെൻഷൻ (എല്ലാ ശനിയാഴ്ചകളിലും)

### റോസറി ഹിൽ ആശ്രമം കൊടുങ്ങ, വെള്ളികുളങ്ങര
ഫോൺ: 9605145856, 9778323496

എല്ലാ മൂന്നാം വെള്ളിയാഴ്ച 3 pm മുതൽ ഞായർ 2 pm വരെ പരിശുദ്ധാത്മാഭിഷേക വിടുതൽ ധ്യാനം

### ആത്മജ്യോതി റിട്രീറ്റ് സെന്റർ, പട്ടിക്കാട് തൃശൂർ ഫോൺ: 9447290177

ആഗസ്റ്റ് 7-9 ആന്തരികസൗഖ്യധ്യാനം

### ഗുഡ് ഷേപ്പേർഡ് ധ്യാനകേന്ദ്രം, വടക്കാഞ്ചേരി റോഡ്, കുന്നംകുളംഫോൺ: 7025777272

ആഗസ്റ്റ് 26-29 ആത്മാഭിഷേക വിടുതൽ ധ്യാനം

### സെന്റ് നോർബർട്ട് ധ്യാനകേന്ദ്രം,കല്ലംകുളം, പഴയന്നൂർ
ഫോൺ: 9834957054, 7378801607

എല്ലാമാസവും രണ്ടാം വെള്ളിയാഴ്ച 4 pm മുതൽ ഞായറാഴ്ച വൈകുന്നേരം 4.30 pm വരെ ജീവിതവഴി ശുദ്ധീകരണധ്യാനം; മംഗളവാർത്ത ധ്യാനടീമിന്റെ ആന്തരീകസൗഖ്യ ധ്യാനം - എല്ലാ മാസവും മൂന്നാം വെള്ളി 4 pm മുതൽ ഞായറാഴ്ച വൈകുന്നേരം 4.30 pm വരെ (Phone 9388552935, 8907711410)

### സെന്റ് മേരീസ് ധ്യാനകേന്ദ്രം, പഴുവിൽ
ഫോൺ: 988289808506, 9746271942

### അസ്സീസി ധ്യാനമന്ദിരം ഭരണങ്ങാനം
ഫോൺ: 04822238335, 8330884331

ആഗസ്റ്റ് 13-17 പരിശുദ്ധാത്മാഭിഷേകധ്യാനം

ആഗസ്റ്റ് 22-26 ആന്തരികസൗഖ്യധ്യാനം

ആഗസ്റ്റ് 26-30 കൺവെൻഷൻ

### എസ്.വി..ഡി. പ്രാർത്ഥനാനികേതൻ, കടുത്തുരുത്തി, കോട്ടയം ഫോൺ: 8594082294, 04829282294

ആഗസ്റ്റ് 15-18 ആന്തരികസൗഖ്യധ്യാനം

ആഗസ്റ്റ് 28-30 ദാമ്പത്യസ്നേഹനുഭവധ്യാനം

### എമ്മാവൂസ് ധ്യാനകേന്ദ്രം, മല്ലപ്പള്ളി ഫോൺ: 9496710479

എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച മുതൽ ചൊവ്വാഴ്ച വരെ ദിവ്യകാരുണ്യാനുഭവധ്യാനം

ആഗസ്റ്റ് 21-25 വി.കുർബാനഅനുഭവധ്യാനം

### ഗുഡ്ന്യൂസ് ധ്യാനകേന്ദ്രം, പാമ്പാടി, കോട്ടയം
ഫോൺ: 9400294288, 9497870120

ആഗസ്റ്റ് 26-30 തിരുരക്താഭിഷേകധ്യാനം

### ഡിവൈൻ മേഴ്സി ധ്യാനകേന്ദ്രം, കുടക്കച്ചിറ
ഫോൺ: 0482 2241214, 7479180110

ആഗസ്റ്റ് 28-30 തിരുരക്താഭിഷേകധ്യാനം

### മോറിയ റിന്യൂവൽ സെന്റർ വെൻമണി
ഫോൺ: 8301072475, 8281676759

എല്ലാ ശനിയാഴ്ചകളിലും 9 മുതൽ 1.30 pm വരെ ധ്യാനം

### നസ്രത്ത് കുടുംബധ്യാനകേന്ദ്രം കറുകുറ്റി
ഫോൺ: 9037344994, 8943273027

ആഗസ്റ്റ് 13-16 കുടുംബധ്യാനം

ആഗസ്റ്റ് 27-30 കുടുംബധ്യാനം

### പാക്സ് സെന്റർ, ആലുവ
ഫോൺ: 7592031825, 0484 2624081

### ദർശന റിട്രീറ്റ് സെന്ററർ, ഇല്ലിത്തോട്, മലയാറ്റൂർ
ഫോൺ: 9961700996, 9605778215, 0484 2468333

### സ്നേഹശുശ്രൂഷാലയം, ചിറ്റൂർ എറണാകുളം
ഫോൺ: 9446040508, 8606740508

എല്ലാ മാസാവസാന ശനിയാള്ചകളിലും കുട്ടികളുടെ ധ്യാനം

ആഗസ്റ്റ് 7-12, 14-19, 21-26 ആന്തരികസൗഖ്യധ്യാനം

### ചാവറ ധ്യാനകേന്ദ്രം, പരപ്പ് , കട്ടപ്പന
ഫോൺ: 9497321466, 9744933997

എല്ലാ മാസവും ആദ്യ വെള്ളി 5 pm -ചൊവ്വ 10 pm വരെ

### താബോർ ധ്യാകേന്ദ്രം, ഏഴുമുട്ടം
ഫോൺ: 9447824554, 04862262167

ആഗസ്റ്റ് 2-7; 16-21 ആന്തരികസൗഖ്യധ്യാനം

ആഗസ്റ്റ് 23-26 സിസ്റ്റേഴ്സിനുള്ള ധ്യാനം

### ഇമ്മാനുവേൽ ധ്യാനകേന്ദ്രം. കാഞ്ഞിരിപ്പള്ളി രൂപത
ഫോൺ: 9605437377, 9037209199

ലഹരി വിമോചന കുടുംബനവീകരണധ്യാനം എല്ലാ മാസവും 10 മുതൽ 17 വരെ.

### വിമലഹൃദയ ധ്യാനകേന്ദ്രം, കമ്പിവിള, കൊട്ടിയം
ഫോൺ: 9947634071, 9400767199

കുട്ടികൾക്കുള്ള കൂട്ടായ്മ : രണ്ടാം ശനി 9.30 മുതൽ 2 മണി വരെ

ഏകദിന ധ്യാനം : എല്ലാ മൂന്നാം ശനി

### സീനായ് ധ്യാനകേന്ദ്രം, മുണ്ടൂർ, പാലക്കാട്
ഫോൺ: 8547393133, 8593990133

### വിമലഗിരി കപ്പൂച്ചിൻ ധ്യനകേന്ദ്രം പട്ടാരം, കണ്ണൂർ
ഫോൺ: 9745017131

ആഗസ്റ്റ് 8-11 ആന്തരികസൗഖ്യധ്യാനം

ആഗസ്റ്റ് 22-25 ആന്തരികസൗഖ്യധ്യാനം

ആഗസ്റ്റ് 26-29 യുവജനധ്യാനം

### ഗദ്സെമൻ റിട്രീറ്റ് സെന്റർ, കോഴിക്കോട് ഫോൺ: 8921285127

### സെന്റ് മേരീസ് ധ്യാനകേന്ദ്രം, ചാത്തങ്കോട്ട് നട, കുറ്റ്യാടി
ഫോൺ: 8921219668

ആഗസ്റ്റ് 23-27 ദിവ്യകാരുണ്യ ആന്തരീകസൗഖ്യഅഭിഷേകധ്യാനം

ധ്യാനകേന്ദ്രത്തിലെ ശുശ്രൂഷകൾ പ്രസിദ്ധീകരിക്കാൻ ബന്ധപ്പെടുക : Ph: 9496862640, 0480-2708314, 9447696622

NB: ഒരു മാസം മുൻകൂട്ടി അറിയിക്കുന്ന തിയ്യതികളെ പ്രസിദ്ധീകരിക്കാൻ സാധിക്കൂ

# കൊട്ടിക്കലാശം

അമേരിക്കയിൽ ഒരു റസ്റ്റോറന്റിൽ നടന്ന സംഭവമാണ്. പന്ത്രണ്ട് വയസ്സുള്ള ഒരു ആൺകുട്ടി അവൻ വളരെ നാളുകളായി സമ്പാദിച്ചു വച്ചിരുന്ന കുറച്ച് പണവുമായി റസ്റ്റോറന്റിൽ വന്നതാണ്. അവൻ വന്നത് അവന് ഏറ്റവും ഇഷ്ടപ്പെട്ട ഒരു പ്രത്യേക ബ്രാൻഡിലുള്ള നല്ല ഒരു ഐസ്ക്രീം കഴിക്കാനാണ്. അവന്റെ ഡാഡിയും മമ്മിയുമൊക്കെ പലപ്പോഴായി കൊടുത്ത പണം അവൻ സൂക്ഷിച്ചുവച്ചത് ഈ വലിയ ആഗ്രഹം സാധിക്കാനായിരുന്നു. തിരക്കു കുറഞ്ഞ സമയമായതുകൊണ്ട് അവിടെ വിളമ്പാൻ നിന്നിരുന്ന പതിനെട്ടു വയസ്സുള്ള പെൺകുട്ടി ഇവന്റെ അടുത്തുവന്ന് വളരെ കൗതുകത്തോടെ വർത്തമാനം പറയാൻ തുടങ്ങി. അവൾ അവിടെ പഠനത്തിന്റെ ഭാഗമായി ജോലി ചെയ്യുകയായിരുന്നു. അവളുടെ പഠനത്തിനുള്ള ചെലവ് സ്വന്തമായി കണ്ടെത്തേണ്ടിയിരുന്നു. അത് അവിടുത്തെ രീതിയാണ്. മാതാപിതാക്കളുടെ ചെലവിലല്ല സ്വയം അദ്ധ്വാനിച്ചുണ്ടാക്കുന്ന പണം കൊണ്ടുവേണം വിദ്യാർത്ഥികൾ പഠിക്കാൻ. യൗവ്വനത്തിലേ സ്വയം പര്യാപ്തതയും സമ്പാദ്യശീലവുമൊക്കെ വളർത്തുന്ന സംസ്കാരമാണത്.

സംസാരത്തിനിടയിൽ അവൻ തന്റെ ആവശ്യം അവളെ വിശദമായി പറഞ്ഞു ധരിപ്പിച്ചു. അവൻ ആവശ്യപ്പെടുന്ന അളവിൽ ആ ഐസ്ക്രീമിന് എട്ട് ഡോളർ ആകുമെന്ന് അവൾ പറഞ്ഞു. അവൻ കുറച്ച് ആലോചിച്ചിട്ട് അതിനുള്ള പണം കയ്യിലില്ലാത്തതുപോലെ അതിനേക്കാൾ കുറഞ്ഞ അളവിലുള്ളതിന്റെ വില അന്വേഷിച്ചു. അപ്പോൾ അവൾ അതിന് അഞ്ച് ഡോളർ ആകുമെന്ന് പറഞ്ഞു. എന്നാൽ അതുമതി എന്നവൻ പറയുകയും അവൾ അത് എടുക്കാനായി പോവുകയും ചെയ്തു. അവന്റെ കയ്യിൽ ആഗ്രഹിച്ചതുപോലെയുള്ള അളവിൽ ഐസ്ക്രീം കഴിക്കാൻ പണമില്ലാത്തതിൽ അവൾക്ക് സങ്കടംതോന്നി. പക്ഷേ അവൾക്ക് അവനെ സഹായിക്കാൻ റസ്റ്റോറന്റിന്റെ വ്യവസ്ത അനുവദിക്കുന്നുമില്ല. നിസ്സഹായയായ അവൾ അഞ്ചു ഡോളറിന്റെ ഐസ്ക്രീം അവനു വിളമ്പി.

അപ്പോഴേക്കും തിരക്കുകൂടുകയും അവൾ മറ്റു ആളുകളുടെ അടുത്തേക്ക് പോവുകയും ചെയ്തു. നമ്മുടെ കുട്ടി ഐസ്ക്രീം കഴിച്ചുകഴിഞ്ഞപ്പോഴേക്കും അവൾ ബില്ല് കൊണ്ടുകൊടുത്തിട്ട് അടുത്ത ടേബിളിലേക്ക് പോയി. പണം മേശപ്പുറത്ത് വച്ച് അവനും അവിടം വിട്ടിറങ്ങി. അവൾ വന്നു പണം എണ്ണിനോക്കിയപ്പോൾ എട്ടു ഡോളർ! അവൾക്ക് അതിശയമായി. എന്തുകൊണ്ടാണ് എട്ടു ഡോളർ ഉണ്ടായിരുന്നിട്ടും അവൻ അഞ്ചു ഡോളറിന്റെ ഐസ്ക്രീം വാങ്ങിയത്. തനിക്ക് മൂന്നുഡോളർ തരാൻ വേണ്ടിയോ?...

അവൾ തിരക്കിനിടയിലും അവനെ തേടി പുറത്തേക്കിറങ്ങി. പക്ഷേ അവൻ മറഞ്ഞുകഴിഞ്ഞിരുന്നു. അവൾ ചിന്തിച്ചു അത് യേശു ആയിരുന്നോ? അതെ അത് യേശു ആയിരുന്നിരിക്കും. പിന്നീടവൾ ഒരു സുവിശേഷ പ്രസംഗകയായി മാറി.

പ്രിയ വായനക്കാരേ, ആ കൊച്ചുകുട്ടിയുടെ പരിത്യാഗം ഒരു യുവതിയിൽ യേശു ബോധം ഉളവാക്കി. അവൻ ചിന്തിച്ചത് ഞാൻ എട്ട് ഡോളറിന്റെ ഐസ്ക്രീം കഴിച്ചാൽ ഈ ചേച്ചിക്ക് കൊടുക്കാൻ എന്റെ കയ്യിൽ ഒന്നുമില്ലാതാവില്ലേ എന്നാണ്. "എന്റെ കുഞ്ഞുമക്കളേ, ക്രിസ്തു നിങ്ങളിൽ രൂപമെടുക്കുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു"(ഗലാത്തിയ 4:19). മറ്റുള്ളവർക്ക് യേശുവിനെ കിട്ടാൻ നമ്മുടെ പരിത്യാഗപ്രവർത്തികൾ കാരണമാകും. വചനോത്സവം മറ്റുള്ളവരിൽ എത്തിക്കാൻ നാം ഏറ്റെടുക്കുന്ന ബുദ്ധിമുട്ടുകളിലൂടെ നമുക്കും അതിന് സാധിക്കും.

നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും
സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോസ് 16:15)

# സുവിശേഷപ്രചരണത്തിൽ ഞങ്ങളോടൊപ്പം നിങ്ങൾക്കും പങ്കാളികളാകാം

1. വചനോത്സവം വായിച്ചശേഷം മറ്റുള്ളവർക്ക് കൊടുത്തുകൊണ്ട്

2. മറ്റുള്ളവരുടെ വിലാസത്തിൽ വചനോത്സവം അയച്ചു കൊടുത്തുകൊണ്ട്

3. കൂടുതൽ വചനോത്സവം വാങ്ങി വിതരണം ചെയ്തുകൊണ്ട്

4. ആശുപത്രികൾ മിഷൻ മേഖലകൾ ലൈബ്രറികൾ തെരുവോരങ്ങൾ എന്നിവിടങ്ങളിൽ വചനോത്സവം വിതരണം ചെയ്യാൻ സാമ്പത്തികമായി സഹായിച്ചുകൊണ്ട്

5. വചനോത്സവം YouTube ചാനൽ Subscribe ചെയ്തും അതിലെ വീഡിയോകൾ ഷെയർ ചെയ്തും



തുടരും

**അക്കൗണ്ട് വിവരങ്ങൾ**

Name : Vachanolsavam
Number : 0012053000006879
IFSC : SIBL0000012
Bank : South Indian Bank
Branch : Chalakudy

പണമടച്ച ശേഷം എന്തിനുള്ളതെന്ന് വ്യക്തമാക്കി 9447696622 എന്ന നമ്പറിലേക്ക് സന്ദേശമയക്കുക

**വിലാസം:**
Manager
Vachanolsavam
Potta - 680 722
Chalakudy, Thrissur Dt.,
Kerala

Printed and Published by Fr.Georgekutty Thayyanattuvely on behalf of Fr. Michael Panachickel V.C. and Printed at Divine Printers and Publishers Muringoor P.O, Chalakudy 680 309 and Published from Vincentian Trust of Vachanolsavam
Edappally, Cochin 682 024. Editor Fr. Joseph Edattu.

**VACHANOLSAVAM**
LANGUAGE: MALAYALAM MONTHLY POSTAL
REGISTERED. NO. KL/EKM/212/2024-26

R.N.I. No. 44576/1986/ UNDER GOVT. OF INDIA, VOL- 41 /
ISSUE - 347 / AUGUST 2026 / PAGES 36 / Price ₹12.00
(Date of Publication 18-07-2026)

# വചനോത്സവം പ്രസിദ്ധീകരിക്കുന്ന ഏറ്റവും പുതിയ പുസ്തകം

## ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി. എഴുതിയ

# കയ്പായ് തോന്നിയ മധുരം






പ്രസന്നമധുരമായ ശൈലി, ഹൃദയം ഹൃദയത്തോട് സംവദിക്കുന്ന സംഭാഷണ ഭംഗി. നാം ജീവിക്കുന്ന ഭൂമിയിൽ നിന്ന് നമുക്കു ചുറ്റും വളർന്ന് തണലേകുന്ന ആശയങ്ങളുടെ ശീതളമായ ലോകമാണ് ഈ പുസ്തകം.

ഡോ. ജോർജ് ഓണക്കൂർ



ആനുകാലിക ജീവിതസമസ്യകളെ ലളിതമായ ഭാഷയിൽ വിശകലനം ചെയ്യുന്ന ഈ പുസ്തകം ബൈബിൾ സംബന്ധമായ ധാരാളം പുതിയ അറിവുകൾ നല്കുന്നു.

ഡോ. സിബി മാത്യൂസ് ഐ.പി.എസ്.



മുഴുവൻ സമയ വിശുദ്ധരായിരിക്കാൻ മനുഷ്യർക്കാവില്ല. ബല ഹീനത കൊടികുത്തി വാഴുന്ന ദുർദ്ദിനങ്ങൾ ആയുസിന്റെ ഭാഗംതന്നെയാണ്. അത് മനുഷ്യരാണെന്നതിന്റെ തെളിവ് മാത്രമാണ്, ദൈവമല്ലെന്നതിന്റെയും. അമിത കുറ്റബോധത്താൽ തലകുനിഞ്ഞുപോയവർക്ക് ബലഹീനതകളിൽപോലും അഭിമാനിച്ച് ദൈവത്തിന് നന്ദി പറയാൻ പാകത്തിന് ഈ പുസ്തകം ഒരൗഷധമായി പരിണമിക്കും.

ഫാ. ജേക്കബ് കാട്ടിപറമ്പിൽ വി.സി.

₹ 150

വചനോത്സവം ഓഫീസിൽ നിന്നും 100 രൂപയ്ക്ക് ലഭിക്കും. തപാലിൽ ലഭിക്കാൻ QR Code Scan ചെയ്ത് 150 രൂപ അടച്ച് Screen Shot ഉം അഡ്രസ്സും 9447696622 എന്ന നമ്പറിലേക്ക് അയയ്ക്കുക.

## വചനോത്സവം തപാലിൽ ലഭിക്കാൻ

QR code സ്കാൻ ചെയ്ത് 140 രൂപ അടച്ച് സ്ക്രീൻ ഷോട്ടും അഡ്രസ്സും 9447696622 എന്ന നമ്പറിലേക്ക് അയച്ചാൽ വചനോത്സവം ഒരു വർഷം തപാലിൽ ലഭിക്കും.